# ബഷീർ

## താരാസ്പെഷ്യൽസ്

## ഒന്ന്

"താരാസ്പെഷ്യൽസ്" എന്നുതന്നെ സുന്ദരമായ പേര്. പാപ്പച്ചൻ ചിന്തിച്ചു. പക്ഷേ, എന്തുവഴി? സിഗരററ് ഉണ്ടാക്കാനുള്ള വലിയ യന്ത്രം നാല്പതു മൈൽ ദൂരെ കടൽത്തീരത്തിരി ക്കുന്നു, പ്രേംരഘുവിന്റെ വീട്ടിൽ. ഭാരിച്ച യന്ത്രം അഴിച്ചു ലോറിയിൽ കൊണ്ടുവരണം. പ്രേംരഘുവിനു ലോറിയുണ്ടോ? പാപ്പച്ചനു ചിരിവന്നു. പ്രേംരഘു! അവന്റെ യഥാർത്ഥ പേര് പി.കെ. രഘുനാഥൻ. കോളേജിൽ പഠിക്കുന്ന കാലത്ത് അവനൊരു കൂട്ടപ്രേമം നടത്തി! ആയിരംചൂണ്ട പ്രേമമെന്നാണ് അവൻ പറയുന്നത്. കടലിൽ വലിയൊരു കയറു വലിച്ചുകെട്ടുന്നു; അതിൽ ഇര കോർത്ത ആയിരം ചൂണ്ടകൾ. കുറെ എണ്ണത്തിലെങ്കിലും മത്സ്യം കുടുങ്ങുമല്ലോ.

അവൻ അന്നേ പണക്കാരനാണ്. അവന്റെ അച്ഛൻ സിലോണിലുള്ള കള്ളുഷാപ്പുകളെല്ലാം ലേലത്തിൽ പിടിച്ചു നടത്തുന്നു. ലക്ഷക്കണക്കിനു സമ്പാദിച്ചു. ഇപ്പോഴും സമ്പാദിച്ചുകൊണ്ടേയിരിക്കുന്നു. യന്ത്രം സിലോണിൽനിന്നു കൊണ്ടുവന്നതാണ്. പ്രേംരഘു അതുകൊണ്ട് എന്തുചെയ്യാൻ പോകുന്നു! ബിസിനസ്സ് നടത്തുമോ? അതു തട്ടിയെടുക്കാൻ എന്തുവഴി! പങ്കുചേരാൻ കഴിഞ്ഞാലും മതി. യന്ത്രം കൊണ്ടുവന്നാൽ എവിടെ സ്ഥാപിക്കും? സ്ഥലം വേണ്ടേ?...പാപ്പച്ചൻ തലപുകഞ്ഞ് ചിന്തിച്ചു. ചാർമിനാർ സിഗരറ്റു ചെയിൻസ്മോ ക്കുമാതിരി മൂന്നെണ്ണം പുകച്ചുകഴിഞ്ഞപ്പോൾ ന്യായമായ ചുമയോടെ പാപ്പച്ചൻ ചിരിച്ചു, ഹെഡാ! മനോഹരമായ ഒരാശയം:

പോളി!

പാപ്പച്ചൻ കട്ടിലിൽ നിന്നെഴുന്നേററു ഷർട്ടിട്ട്, മുടിചീകി. വില കുറഞ്ഞതെങ്കിലും മണമുള്ള പൗഡർ ഷർട്ടിനുള്ളിലേക്കു കുറെ കുടഞ്ഞിട്ട് അടുക്കളഭാഗത്തേക്കു ചെന്നു. വൃദ്ധയായ അമ്മയും കല്യാണ പ്രായം കഴിയാറായ രണ്ടു സഹോദരിമാരും കൂടി കപ്പക്കിഴങ്ങു തുണ്ടു തുണ്ടായി മുറിച്ചു തൊലി കളഞ്ഞുകൊണ്ടി രിക്കയാണ്.

‘ഒന്നും ആയില്ലേ അമ്മേ’

“ഇതൊന്നു ചൂടു കേറിയാ മതി.”

പാപ്പച്ചൻ ഒരു കഷണം പച്ചക്കപ്പ എടുത്തു കരുമുരാ കടിച്ചിറക്കി. കുടവും വെള്ളവും പൊക്കിയെടുത്തു കുറെ വെള്ളം കുടിച്ചിട്ട് ഒരു ചാർമിനാർകൂടി കത്തിച്ചു പുകച്ചുകൊണ്ട് ‘ദാ വന്നു കഴിഞ്ഞു അമ്മേ’ എന്നു പറഞ്ഞിട്ടു മുൻവശത്തു വന്നു റോഡിലിറങ്ങി നടന്നു. തെല്ലു കഴിഞ്ഞു തിരിഞ്ഞു നോക്കിയപ്പോൾ അമ്മ വന്നു പടിയടയ്ക്കുകാണ്. ഓല മേഞ്ഞ ചെറിയ വീട്. അന്തസ്സിനു ചേർന്നതല്ല. ങ്ഹും എല്ലാം മാറും. സിഗരറ്റുണ്ടാക്കാനുള്ള യന്ത്രം കിട്ടട്ടെ. പാപ്പച്ചൻ നീണ്ടു നിവർന്നു നടന്നു. സാധാരണ പാപ്പച്ചനല്ല ഇത്. സിഗരറ്റു ഫാക്ടറിയുടമ യായ പാപ്പച്ചനാകുന്നു: ശ്രീജിത് എൻ.ആർ. പാപ്പച്ചൻ!.... കൂട്ടുടമകളായി ശ്രീമാന്മാർ പി.കെ. രഘുനാഥൻ ആൻഡ് സി.പി. പോളി ബി.എ).ബി.എൽ

പോളിയുടെ പേരാണ് ആദ്യം ചേർക്കേണ്ടത്. അവനൊരു വക്കീലാണല്ലോ. സന്നദെടുത്തിട്ടുണ്ടെങ്കിലും കോടതിയിൽ പോകാറില്ല. എന്തിനു പോകണം? പണം സുലഭമായിത്തന്നെയുണ്ട്. ഏക മകൻ. അവന്റെ ഡിഗ്രി കമ്പനിക്കു വേണം. ഏതു കഴുതയ്ക്കും ഒരു ഡിഗ്രിയുണ്ടായിരിക്കുന്നത് നന്ന്! പോളി കഴുതയല്ല ബുദ്ധിരാക്ഷസൻ. അവനൊരു കല്യാണം കഴിക്കാൻ പോകുന്നതായി കേൾക്കുന്നു; ഒരു ക്രിമിനൽ വക്കീലിന്റെ മകളെ-ഏലിക്കുട്ടി. ഏലിക്കുട്ടി പോളി. കൊള്ളാമോ?

ഒരു കമ്പനി ഉദയം ചെയ്തിരിക്കുന്നു എന്നുള്ള സന്തോഷവാർത്ത പോളിയും പ്രേംരഘുവും അറിഞ്ഞിട്ടില്ല! അറിഞ്ഞാൽ അവരെന്തു പറയും?

എതിരിനു കാര്യമായ പ്രസക്തിയില്ല. സഹപാഠികളായിരുന്നു. ഒരുമിച്ചു പെൺപിള്ളേരെ സൈറ്റടിച്ചിട്ടുണ്ട്. ചീട്ടു കളിച്ചിട്ടുണ്ട്, കള്ളും ചാരായവും കുടിച്ചിട്ടുണ്ട്, ഒരുമിച്ചു ലേഡീസ് ഹോസ്റ്റലിനു കല്ലെറി ഞ്ഞിട്ടുമുണ്ട്!

സ്കൂൾ ഫൈനൽവരെ ഒരുമിച്ചു പഠിച്ചു. അപ്പോഴത്തേക്കും പാപ്പച്ചന്റെ അപ്പച്ചൻ മരിച്ചു. അദ്ദേഹം ഒരു ടാക്സി ഡ്രൈവറായിരുന്നു. ഡ്രൈവർ അന്തപ്പൻ എന്നു കേട്ടാൽ ഏവനും ഒന്നു നടുങ്ങും. ആൾ ഉഗ്രനായിരുന്നു. മദ്യപിച്ചു ലക്കില്ലാതെ ഒരു ലോറിയെ ഓവർടേക്കു ചെയ്യുകയും തന്മൂലമുണ്ടായ ആക്സിഡൻറിൽ മരിക്കുകയും ചെയ്തു. മദ്യപിച്ച് കാറോടിച്ച് ആക്സിഡൻറിൽ മരണമടഞ്ഞ എല്ലാ

ഡ്രൈവർമാരുടെയും ആത്മാക്കൾക്ക് നിത്യശാന്തി ലഭിക്കട്ടെ!

പോളിക്കിപ്പോൾ ഒരു കാറുണ്ട്. തനി ഇംഗ്ലീഷ് മെയിഡ് ഇൻ ഇംഗ്ലണ്ട് പഠിക്കുന്ന കാലത്തേ അവന് ഇംഗ്ലീഷ് സാധനങ്ങളോടാണു മമത. മെയിഡ് ഇൻ ഇന്ത്യ എന്നു കേട്ടാൽ ഉടനെ പോളി പറയും: റദ്ദ്! ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കൊടുത്തിട്ടു ബ്രിട്ടീഷുകാർ പോയത് പോളിക്കിഷ്ടമായിട്ടില്ല. പോളിയുടെ അപ്പച്ചനും ഇഷ്ടമായിട്ടില്ല. പറയുമ്പോൾ എല്ലാം പറയണമല്ലോ. വക്കീൽപ്പണി പോളിക്കിഷ്ടമല്ല.

അപ്പച്ചനുവേണ്ടി വക്കീൽപ്പരീക്ഷ പാസ്സായി എന്നു മാത്രം. അപ്പച്ചൻ പണം പലിശയ്ക്കു കൊടുക്കുന്നു. പലിശ നേരത്തേ എടുക്കും. ബാക്കിയേ കൊടുക്കൂ. ഇരുപതു ശതമാനമാണു പലിശ. പാതിരാത്രിക്ക് ആയിരംരൂപാ വേണമെങ്കിൽ തയ്യാർ. എണ്ണൂറുരൂപാ കൊടുക്കും. അയ്യായിരംരൂപായുടെ സ്വർണപ്പണ്ടം ഈടുവെച്ചിരിക്കുന്ന വിവരം പ്രോനോട്ടിൽ കാണിക്കയില്ല. ന്യായമായ പലിശയെന്നും കാണും. മനസ്സുണ്ടെങ്കിൽ മതി. റോഡരുകിൽ കന്മതിൽ കെട്ടിയ നാലേക്കർ തെങ്ങുംപുരയിടത്തിൽ പഴയ മോഡൽ രണ്ടുനില മാളിക. റൊക്കം മൂന്നു ലക്ഷം പൂത്ത രൂപായും. രൂപാ പൂത്തതൊന്നുമല്ല. നല്ല മാണിക്കാത്ത നോട്ടുകളാണ്. കെട്ടുകെട്ടായി താഴത്തെ കിടപ്പുമുറിയിൽ കട്ടിലിന്റെ അടിയിലുള്ള ഇരുമ്പുസേഫിൽ വെച്ചിരിക്കുന്നു. ഭദ്രം. പൂട്ടിയ സേഫിന്റെ താക്കോൽ എവിടെയാണെന്ന് അപ്പച്ചനറിഞ്ഞുകൂടാ. പോളിക്കുമറിഞ്ഞുകൂടാ. നാട്ടിലുള്ള കള്ളന്മാർക്കാർക്കും അറിഞ്ഞുകൂടാ. ഇതു പരസ്യം. എന്നാൽ, ദിവ്യരഹസ്യം: സേഫിന്റെ താക്കോൽ എവിടെയെന്ന് അപ്പച്ചനറിയാം. പോളിക്കുമറിയാം. എന്തു ലാഭം? പാപ്പച്ചനുമറിയാം. പോളിയുടെ അമ്മച്ചി ഉടുത്തിരിക്കുന്ന തുണിയുടെ അടിയിൽ അരയിൽ കിടക്കുന്ന ക്ലാവു പിടിച്ചു കറുത്തുപോയ വെള്ളിത്തണ്ടിൽ ഒരു വെള്ളിക്കൊളുത്തിൽ ഭദ്രമായി തൂങ്ങുന്നു! എന്തു ചെയ്യും? രാത്രി ഒരു അൽസേഷ്യൻ ഉഗ്രമായ കുരയോടെ റോന്തു ചുറ്റുന്നു. പോളിയുടെ അപ്പച്ചൻ കിടപ്പുമുറിയുടെ വാതിൽക്കൽ ചാരുകസേരയിൽ ഉറങ്ങാതിരിക്കുന്നു. അമ്മച്ചി കട്ടിലിൽ കമിഴ്ന്നുകിടന്നു കൂർക്കംവലിയോടെ ഉറങ്ങുന്നു. ഈ വാർത്തയും കാര്യമായി വിശ്വസിക്കാവുന്നതല്ല. എല്ലാം ചാരായത്തിൻറ പുകയാണ്. ഓരോ തവണയും പോളി ഓരോന്നും പറയും. ഒരയ്യായിരത്തിൽ കൂടുതൽ വീട്ടിലുണ്ടാവില്ല. എല്ലാം ബാങ്കിലാണ്. ഏതു ബാങ്കിൽ? ഓ, അറിഞ്ഞിട്ടെന്തു വിശേഷം?

പാപ്പച്ചനും പണക്കാരനാകാൻ പോകയാണ്! ഒരു നാലു ഗ്രാം അടിച്ചു ചെറുതായി ഒന്നു മിനുങ്ങിയെങ്കിൽ! സോറി; കാശില്ല. പോളിയുടെ

പക്കൽ വല്ലതും കാണും. പഠിക്കുന്ന കാലത്ത് ശനിയും ഞായറും മദ്യോത്സവമായിരുന്നു. പോളിയും പ്രേംരഘുവുമാണ് പണം ചെലവാക്കിക്കൊണ്ടിരുന്നത്.

പാപ്പച്ചൻ ഒന്നും ചെലവാക്കിയിരുന്നില്ല.ചെലവാക്കാനുണ്ടായിരുന്നില്ല. പോളിയും പ്രേംരഘുവും കള്ളോ ചാരായമോ വാങ്ങിച്ചു കൊടുക്കുന്നു.

ഉള്ളവർ ഇല്ലാത്തവർക്കു കൊടുക്കണം അതാണല്ലോ ന്യായമായ സോഷ്യലിസം. അതേയോ? മതങ്ങളും അതുതന്നെ പറയുന്നുണ്ട്. അപ്പോൾ? മതവും സോഷ്യലിസവും ഒന്നു തന്നെയോ?

ആർക്കറിയാം! പോളി സോഷ്യലിസത്തിൽ വിശ്വസിക്കുന്നില്ല. തനി ഇമ്പീരിയലിസ്റ്റ് ആൻഡ് ക്യാപ്പിറ്റലിസ്റ്റ്. പ്രേംരഘു സോഷ്യലിസ്ററായിരുന്നു. അവന്റെ ഇപ്പോഴത്തെ നില എന്താണാവോ! കണ്ടിട്ടു കുറേക്കാലമായി. അവൻ ഇൻററിനു പഠിക്കുന്ന കാലത്താണ്

പ്രേംരഘുവായിത്തീർന്നത്. പോളി പറയുന്നത് അവരുടെ ക്ളാസിൽ പത്തൊമ്പതു കോളേജുകുമാരികളുണ്ടായിരുന്നു. ന്യായമായും കോളേജുകുമാരികൾ സുന്ദരികളാണല്ലോ. പലരും പലതിനെയും പ്രേമിച്ചു. എന്നാൽ, പി.കെ. രഘുനാഥൻ വലവീശിയ മാതിരി, പത്തൊമ്പതിനെയും ഒററക്കാച്ചിനു പ്രേമിച്ചു. അവൻ ഒരേയൊരു പ്രേമലേഖനമെഴുതി. അതിന്റെ പത്തൊമ്പതു കോപ്പിയെടുത്തു. പത്തൊമ്പതു പെമ്പിള്ളേരുടെ അഡ്രസ്സ് എഴുതിയ പത്തൊമ്പതു കവറിൽ ഫിറ്റുചെയതു. രണ്ടുമൂന്നു ദിവസംകൊണ്ട് പന്ത്രണ്ടു പേർക്കവൻ കൊടുത്തു. സാധാരണയായി പെൺപിള്ളേർക്കു കിട്ടുന്ന പ്രേമലേഖനങ്ങൾ അവർ ഒരുമിച്ചിരുന്നു വായിച്ച് സാഹിത്യഗുണത്തെപ്പറ്റി കൂലങ്കഷമായിത്തന്നെ ചർച്ചചെയ്യാറുണ്ടല്ലോ. എന്നാൽ, ഹാ കഷ്ടം, ചർച്ചയ്ക്ക് വന്നത് ഒരേ വാചകങ്ങളിലുള്ള പന്ത്രണ്ടെണ്ണമാണ്. ന്യായമായും കോളേജ് കുമാരികൾക്കു ദേഷ്യം വരും. ദേഷ്യം വന്നു. തന്നെയുമല്ല, അപമാനിച്ചതായി തോന്നലും! കശ്മലനെ എന്തു ചെയ്യണം? അവർ ഒററക്കെട്ടായി കലി തുള്ളിക്കൊണ്ട് പ്രിൻസിപ്പലിനെ സമീപിച്ചു പരാതിപ്പെട്ടു. കൊടുക്കാൻ കഴിയാതെ പുസ്തകത്തിൽ വെച്ചിരുന്ന ഏഴെണ്ണം കണ്ടുകെട്ടപ്പെട്ടു. അങ്ങനെ പ്രേംരഘു എന്നുള്ള ഡിഗ്രി സമ്പാദിച്ച് അവൻ പുസ്തകങ്ങളും പെട്ടിയും കിടക്കയുമായി വീട്ടിലേക്കു പോയി. പറയുമ്പോൾ എല്ലാം പറയണമല്ലോ. പ്രേംരഘു ഒരു വെട്ടുഗ്ലാസ് നിറയെ പച്ചച്ചാരായം ഒററ വലിക്ക് അടിക്കും! വെള്ളം വേണ്ടാ, സോഡാ വേണ്ടാ, അരിഷ്ടവും വേണ്ടാ, ഒരു പുല്ലും വേണ്ടാ. ഇങ്ങനെ

നീററടിക്കുക പാപ്പച്ചനു സാദ്ധ്യമല്ല. പോളിക്കും സാദ്ധ്യമല്ല. പ്രേംരഘു മദ്യപാനത്തിൽ ഉന്നതബിരുദം നേടിയവനാകുന്നു. അവന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടേ. സോറി, പ്രേംരഘു പട്ടണത്തിൽ വരുമ്പോഴെല്ലാം വീട്ടിലേക്കുക്ഷണിക്കാറുണ്ട്. ഒരു രണ്ടുമൂന്നു കൊല്ലമായിട്ട് അങ്ങനെ കൂടാറില്ല. 'കിടപ്പറ' യുടെ ഒരു കൊല്ലത്തെ വരിസംഖ്യ അവൻ അടച്ചു. മൂന്നു ലക്കമേ ഇറക്കാൻ കഴിഞ്ഞുള്ളു. പണം അവനു ബാക്കി ചെല്ലും. മാസികവകയിൽ മുവായിരം രൂപ പോളിയും ചെലവാക്കി. പോളിയുടെ അപ്പച്ചൻ 'കിടപറ' യുടെ മൂന്നു മഹനീയ ലക്കങ്ങളും ഒരു കമ്പിൽ തോണ്ടി പറമ്പിൽ കൊണ്ടുപോയി കരിയില കൂട്ടി കത്തിച്ചു എന്നു കേൾക്കുന്നു. ആൾ കലാരസികനോ സാഹിത്യരസികനോ അല്ല. തനി പിന്തിരിപ്പൻ. അർക്കീസ്. അറുത്ത കൈക്ക് ഉപ്പു തേയ്ക്കില്ല. ഒരു മുണ്ടും തോർത്തും വാങ്ങിയാൽ അത് ദേഹത്തുകിടന്ന് തേഞ്ഞു കീറുന്നതുവരെ വേറൊന്ന് വാങ്ങിക്കുകയില്ല. പട്ടണത്തിന്റെ കണ്ണായ ഭാഗത്ത് എട്ടുമുറി പീടികകൾ പുതുതായി നിർമിച്ചിട്ടുണ്ട്. എട്ടല്ല, പതിനാറ്, മുകളിലും താഴെയുമായി. അതിൽ പതിന്നാലെണ്ണം വാടകയ്ക്കു പോയി. അടിയിലും മോളിലും കൂടി വാടക നൂററമ്പതു രൂപാ മാത്രം. സംഗതി നഷ്ടമല്ല. എന്നാൽ, പകിടി ഇരുപത്തയ്യായിരം രൂപ കൊടുക്കണം. കൊടുത്തു വാങ്ങാൻ ആളുണ്ടായി. മുകളിലും താഴെയുമായി ബാക്കിയുള്ള മുറികളിലാണ് പാപ്പച്ചൻറ ഉന്നം! താഴത്തെ മുറിയിൽ നിന്ന് മുകളിലത്തെ മുറിയിലേക്കു കോണിയുണ്ട്. സൗകര്യം. ഘനമുള്ള യന്ത്രം. ഉറപ്പുണ്ടോ?

മുകളിൽ ഓഫീസ്. താഴത്തെ മുറിയിൽ ഫാക്ടറി. ഫാക്ടറിയുടെ പേര്:

"താരാ സിഗരറ്റ് ഫാക്ടറി."

വിജയിക്കും. കോംപെററീഷനും വേറൊന്നില്ല. പക്ഷേ, ജനം ഐഡിയാ ഇല്ലാതെ ബുദ്ധിമുട്ടുകയാണ്! യോഗ്യന്മാർ എന്തെങ്കിലും ഒന്നു ചെയ്യുമ്പോൾ അനുകരിക്കാൻ-സ്റ്റുപ്പിഡ്, റാസ്ക്ൾസ്. പോയി തുലയട്ടെ! സിഗരറ്റിനു വില കുറയ്ക്കും. കോംപെററീഷനെങ്കിൽ കോംപെററീഷൻ!

പ്രേംരഘു കനിയാതിരിക്കുമോ? അവനെന്തിനാണ് സിഗരറ്റുണ്ടാക്കുന്ന മിഷ്യൻ! ഒററയ്ക്കവനു നടത്താൻ ഒക്കുകില്ല. പരിചയമുള്ള സുഹൃത്തുക്കളെ കൂട്ടുചേർക്കണം. പറയുമ്പോൾ എല്ലാം പറയണമല്ലോ പരിചയസമ്പന്നനാണ് പാപ്പച്ചൻ. ഒരുപാടു ബിസിനസ്സ് ചെയ്തിട്ടുണ്ട്. മൂലധനം കുറവായിരുന്നു എന്നതു സത്യം. ആദ്യമായി കൈവെച്ചത് സാഹിത്യത്തിലാണ്. സാഹിത്യത്തിൽ മാത്രമല്ല, കല, സംസ്കാരം,

രാഷ്ട്രീയം, സിനിമ. അങ്ങനെയാണ് 'കിടപ്പറ' ആരംഭിച്ചത്. അത് കലാസംസ്കാര രാഷ്ട്രീയ സാഹിത്യസിനിമാ മാസികയായിരുന്നു. എതിരാളികളെന്നു പറയുന്ന റാസ്കൾസ് ഏതു നല്ല കാര്യത്തിനുമുണ്ടാകുമല്ലോ. അവർ പറഞ്ഞുകൊണ്ടു നടന്നു: കിടപ്പറയിൽ കലയില്ല. സംസ്കാരമില്ല, സാഹിത്യമില്ല, രാഷ്ട്രീയവും സിനിമയുമില്ല. 'കിടപ്പറ' നിരോധിക്കണമെന്ന് അവർ മുറവിളി കൂട്ടി! ഗവണ്മെൻറിനു പെറ്റിഷനയച്ചു. സർക്കാർ 'കിടപ്പറ' വായിച്ചുനോക്കി. ഒരു പിശകുമില്ല. കിടപ്പറയിലെ ചോദ്യങ്ങൾ പെൺപിള്ളേരുടെ പേരുകളിൽ കൈകാര്യം ചെയ്തിരുന്നത് പാപ്പച്ചനാണ്. ഉത്തരങ്ങൾ കൈകാര്യം ചെയ്തിരുന്നത് പോളിയും. പന്ത്രണ്ടു വയസ്സായ ഒരു പെൺകുഞ്ഞിന്റെ തേൻ ചിതറുന്ന ലൈംഗികാത്മകഥാസാഹിത്യം തുടർച്ചയായി കൈകാര്യംചെയ്തിരുന്നത് പത്രാധിപർ പാപ്പച്ചൻതന്നെയാണ്. പക്ഷേ, 'ലിസിമോൾ' എന്ന കള്ളപ്പേരിലാണെന്നു മാത്രം. പൂരപ്പാട്ടു മോഡലിൽ 'അതു....നേരാണേ...' എന്ന ഉശിരൻ പംക്തി പ്രസിദ്ധനായ 'സഹസ്രനയനൻ' കൈകാര്യംചെയ്തു. നാട്ടി ലുള്ള പെൺകുട്ടികളുടെയും കുടുംബിനികളുടെയും കുത്സിതചെയ്തി കളെ സഹസ്രനയനൻ ധീരമായിത്തന്നെ തുറന്നു കാട്ടിയിരുന്നു. സഹസ്രനയനൻ സാക്ഷാൽ പോളിയാണെന്ന് ആരും അറിഞ്ഞില്ല. ശത്രുക്കൾ ലിസിമോളെയും സഹസ്രനയനനെയും ഇന്നും തിരക്കുന്നുണ്ട്. റാസ്കൾസ്! അവർ പത്രാധിപരെ തല്ലിയില്ല. 'കിടപ്പറ' അച്ചടിച്ച പ്രസ്സുകാരനെ തല്ലി! അതു വിറ്റ പിള്ളേരെയും ഓടിച്ചിട്ടു തല്ലി. സംസ്കാരരഹിതർ 'കിടപ്പറ'യുടെ കോപ്പികൾ പട്ടണനടുക്ക് കുന്നുപോലെ കൂട്ടി മണ്ണെണ്ണ ഒഴിച്ചു കത്തിച്ചു!

## രണ്ട്

ദുഃഖസംഭവമാണ്. 'കിടപ്പറ' നിർത്തി. അന്നു രാത്രി മേളമായിരുന്നു. നാലു കുപ്പി ചാരായം രാത്രി നാലുമണിയോടെ തീർന്നു. കെട്ടിപ്പിടിച്ചു വേച്ചുവേച്ച് പോളി പാടി. പാപ്പച്ചനും പാടി:

"പോനാൽ പോകട്ടും. പോടാ!"

പിറേറ ദിവസം മുതൽ പുത്തനദ്ധ്യായം. രാഷ്ട്രീയമാണ്!

പ്രസിഡണ്ട് പോളി, സെക്രട്ടറി പാപ്പച്ചൻ, ഖജാൻജി റിക്ഷാവണ്ടിക്കാരൻ പൈലോ. സംഭവം റിക്ഷാവണ്ടിത്തൊഴിലാളി യൂണിയ നാകുന്നു. ആളെക്കയററി ആളുവലിക്കുന്ന റിക്ഷാവണ്ടികൾ നിർത്തലാക്കുന്നതിനു മുമ്പാണ്. സമരം സംഘടിപ്പിച്ചത് ഓട്ടോറിക്ഷയ്ക്കും സൈക്കിൾറിക്ഷയ്ക്കും ടാക്സികൾക്കുമെതിരായാണ്. ഡിമാൻറുകൾ ന്യായം. റിക്ഷാവണ്ടിത്തൊഴിലാളികൾക്കു പണി കുറഞ്ഞുവരുന്നു. കുറെക്കഴിയുമ്പോൾ തീരെ ഇല്ലാതാകും. അനേകായിരം കുടുംബങ്ങൾ

പട്ടിണികിടന്നു മരിക്കും. ഈ അത്യാഹിതത്തിൽനിന്ന് റിക്ഷാത്തൊഴിലാളികളെ രക്ഷിക്കുക. സൈക്കിൾറിക്ഷാ, ഓട്ടോറിക്ഷാ, ടാക്സിക്കാറുകൾ നിരോധിക്കുക! ബോലോ, മഹാത്മാഗാന്ധി കീജേ! റിക്ഷാവണ്ടി ജനങ്ങളുടെ വണ്ടി!

ഉശിരൻ ഘോഷയാത്രകൾ! ഗംഭീരൻ പ്രകടനങ്ങൾ! പോളി ഒരു പാട് അദ്ധ്യക്ഷത വഹിച്ചു. പാപ്പച്ചൻ ഒരുപാടു തീപ്പൊരി പ്രസംഗങ്ങൾ ചെയ്തു. പക്ഷേ, ജനവഞ്ചകർ പാവപ്പെട്ട റിക്ഷാത്താഴിലാളികളുടെ ദീനരോദനം കേട്ടു പുഞ്ചിരിതൂകി. തന്നെയുമല്ല, അവർ സൈക്കിൾറിക്ഷാ, ഓട്ടോറിക്ഷാ, ടാക്സിക്കാറുകൾ എന്നീ വിപ്ലവ ശത്രുവാഹനങ്ങളെ പ്രോത്സാഹിപ്പിച്ചുതാനും. പിന്തിരിപ്പൻ ഗവൺമെൻറ് പുതിയ റിക്ഷാവണ്ടികൾക്കു ലൈസൻസ് കൊടുക്കില്ലെന്നുവരെ പ്രതിജ്ഞചെയ്തു.

'നിങ്ങളെയെല്ലാം പഠിപ്പിക്കാം!' പാപ്പച്ചൻ പറഞ്ഞു: 'താരാസിഗരറ്റ് ഫാക്ടറി ഒന്നു തുടങ്ങട്ടെ. ഈ പാപ്പച്ചൻ കാറും വാങ്ങും. ആ കാറു കയറ്റി നിങ്ങളെ കൊല്ലും! ഇതു സത്യം!'

പാപ്പച്ചൻ വരണ്ട തൊണ്ടയോടെ നടക്കുകയാണ്. നടന്നുനടന്ന് പോളിയുടെ വീട്ടിലെത്തി. അപ്പോൾ മുററത്തിരുന്നു വെയിലുകൊണ്ട് കൊണ്ട് എന്തോ നുള്ളിപ്പെറുക്കുകയാണ് പോളിയുടെ അപ്പച്ചൻ. പഴയ ഒരു മുണ്ടും വെന്തിങ്ങയുമാണ് ഡ്രസ്സ്.

പാപ്പച്ചൻ ചോദിച്ചു:

'വെയിലത്തിരുന്ന് എന്താണു നുള്ളിപ്പെറുക്കുന്നത്?' 'നെല്ല്. ഉറുമ്പു കൊണ്ടുപോകുന്നതാണ്.' 'പോളിയുണ്ടോ?'

'എടിയേ!' പോളിയുടെ അപ്പച്ചൻ വിളിച്ചു. വിളിക്കാൻ കാത്തിരുന്നമാതിരി പോളിയുടെ അമ്മച്ചി വരാന്തയിൽ വന്നു. പോളിയുടെ അപ്പച്ചൻ ചോദിച്ചു:

'നിന്റെ വക്കീലുമകൻ ഇവിടെ ഉണ്ടോ?' 'അവൻ കേസുകെട്ടു വായിക്കുകയാണ്!'

പോളിയുടെ അമ്മച്ചി പറഞ്ഞു. ഇവിടെ എല്ലാവരും ചിരിക്കേണ്ടതാകുന്നു. കാരണം, ഇതു ഹ്യൂമറാണ്! തന്മൂലം പാപ്പച്ചനും പോളിയുടെ അപ്പച്ചനും ചിരിച്ചു. പോളിയുടെ അമ്മച്ചി ചോദിച്ചു:

'പാപ്പച്ചാ, നിന്റെ മാസികയുടെ പഴയ ലക്കങ്ങളുണ്ടോ? ഓരോ കോപ്പി എനിക്കു വേണം. കാശു തരാം!'

ഇതും ഹ്യൂമറാണ്. സാധാരണ പാപ്പച്ചനെ കാണുമ്പോൾ പോളിയുടെ അമ്മച്ചി ചോദിക്കുന്നതുമാണ്. കേൾക്കുന്നവർ ചിരിക്കണം.

പോളിയുടെ അപ്പച്ചൻ ചിരിച്ചു. പാപ്പച്ചൻ വരാന്തയിലൂടെ കോണിപ്പടി കയറിച്ചെല്ലുമ്പോൾ പോളി കണ്ണാടി നോക്കി മീശ കത്രിച്ചു മോടി കൂട്ടുകയാണ്!

'എടാ പോളിയേ!' ചെന്നപാടെ പാപ്പച്ചൻ പറഞ്ഞു: 'ഇനി ഞാൻ നിന്നെ കാണാൻ വരുന്നത് എന്റെ സ്വന്തം കാറിലായിരിക്കും!' - പോളി പറഞ്ഞു:

"കിടപ്പറ തുടങ്ങിയ കാലത്തും നീ ഇതു പറഞ്ഞു. ആ ഇനത്തിൽ എന്റെ പാവപ്പെട്ട അപ്പച്ചനു നഷ്ടം രൂപാ മൂവായിരം!'

'എന്നാലും നീ ഒരു സാഹിത്യകാരനായില്ലേ?' 'ഞാനോ?'

'നീയല്ലേ, സഹസ്രനയനൻ?..കള്ളാ!'

അതു കേട്ടപ്പോൾ പോളിവക്കീൽ വിളറി. ദുഃഖവാർത്തയാണല്ലോ. തന്മൂലം അലമാര തുറന്ന് ഒരു കുപ്പി ചാരായവും രണ്ടു ഗ്ലാസ്സുകളും ഒരു കടലാസുപൊതിയിൽ കടല വറുത്തതും എടുത്തു. പാപ്പച്ചൻ ഒരു കൂശ

വെള്ളം പൊക്കിക്കൊണ്ടുവന്നു. രണ്ടുപേരും സിമൻറുതറയിൽ ചടഞ്ഞിരുന്നു. പോളി രണ്ടു ഗ്ലാസ്സുകളിൽ ഒന്നിൽ നിറച്ചും മറേറതിൽ പകുതിയും ഒഴിച്ചിട്ടു നിറഗ്ലാസ് അക്ഷോഭ്യനായി വലിച്ചു കുടിച്ചതിനുശേഷം രണ്ടുമണി കടലയ്ക്ക എടുത്തു ഭക്ഷിച്ചു:

'നീററടിക്കൽക്കുത്തക പ്രേംരഘുവിനു മാത്രമുള്ളതല്ല!' പോളി പറഞ്ഞു. പാപ്പച്ചൻ ചോദിച്ചു:

'നീ പ്രേംരഘുവിനെ ഇയ്യിടെ എങ്ങാനും കണ്ടോ?'

'ഇല്ല.'

ആശ്വാസം! പാപ്പച്ചൻ നിറയെ വെള്ളം ചേർത്തു ഗ്ലാസ് കാലിയാക്കിയിട്ടു രണ്ടുമണി കടല ഭക്ഷിച്ചു, അതിനുശേഷം രണ്ടു ചാർമി നാറുകൾ കത്തിച്ച്, ഒന്നു പോളിക്കു കൊടുത്തിട്ടു മറേറത് പാപ്പച്ചൻ ചുണ്ടുകളിൽ ഫിറ്റുചെയ്തു. സുന്ദരമായി ഒന്നു വലിച്ചിരുത്തിയിട്ടു പറഞ്ഞു:

'പോളിയേ, ഒരുശിരൻ ബിസിനസ്സ്!'

'മാസിക നടത്താനാണെങ്കിൽ ഞാനില്ല!'

'എടാ, ഇതു വെള്ളം തൊടാത്തത്! എന്നു പറഞ്ഞാൽ നമ്മുടെ നാട്ടിൽ കന്നി. നിന്റെ ആ രണ്ടു മുറി നമുക്കു വേണം.'

'അപ്പച്ചന് ഇരുപത്തയ്യായിരം രൂപാ പകിടികൊടുക്കണം. ഒരു മാസത്തെ വാടക അഡ്വാൻസിനു പുറമേ.'

‘അതു കൂടാതെ കഴിക്കാൻ വക്കീൽമകൻ നോക്കണം. നിന്റെ വകയായി ആ മുറികൾ രണ്ടും. പിന്നെ ഒരിരുപത്തയ്യായിരത്തിന്റെ രൊക്കം കാശും. പൊടിപ്പൻ ബിസിനസ്സ്!'

‘ഈ കാലത്തു പണം മുടക്കിയുള്ള ബിസിനസ്സ് നല്ലതല്ല. ബ്രിട്ടീഷുകാരു പോയപ്പഴേ ഈ നാടു നശിച്ചു. ഇവിടെ ആർക്കും രക്ഷയില്ല. പ്രത്യേകിച്ചു ബിസിനസ്സുകാർക്ക്. ഇവിടെ സർക്കാരില്ല. കൊടിപിടുത്തം, കുത്തിയിരിപ്പു സത്യാഗ്രഹങ്ങൾ, ബോണസ്സുകൾ, സെയിൽസ് ടാക്സ്, ഇൻകംടാക്സ്, സൂപ്പർ ടാക്സ്, ധർണ, ഘെരാവോ-- എത്രയെത്ര അൾസേഴ്സ്! പണം ഉണ്ടെങ്കിൽ ബാങ്കിലിട്ടു പലിശ വാങ്ങി ത്തിന്നടാ!'

‘നിന്റെ അപ്പച്ചനെപ്പോലെ നീ പറയല്ലേ, പോളിയേ. പറയുമ്പോൾ എല്ലാം പറയണമല്ലോ. നിനക്കു വിദ്യാഭ്യാസവുമുണ്ട്; സംസ്കാരവുമുണ്ട്. ഇതു ജനകീയകാര്യമാണ്. നമുക്ക് എത്ര പാവപ്പെട്ടവർക്കു ജോലികൊടുക്കാൻ സാധിക്കുമെന്ന് നോക്ക്’.

‘നീ എത്ര രൂപാ മുടക്കുന്നുണ്ട്?'

‘എന്റെ കൈയിൽ ഒന്നുമില്ല.'

അപ്പോ നിനക്ക് ഈ ജനകീയകാര്യമൊക്കെ പറയാം. നീ

നേതാവാണ്. മുതൽമുടക്ക് ഒന്നുമില്ല. വാചകമടി വിദഗ്ധൻ!'

‘എടാ, നാടു നന്നാവും-'

‘പാപ്പച്ചാ, എന്റെ അപ്പച്ചന്റെ പണംകൊണ്ടു നീ നാടു നന്നാക്കണ്ടാ, ആ മോഹം നീയങ്ങു കളഞ്ഞേര്!'

പറയുമ്പോൾ എല്ലാം പറയണമല്ലോ. പിന്നീട് അര ഗ്ലാസ് നീററടിച്ചപ്പോൾ പോളി ഛർദിച്ചു. കണ്ണുകളിൽനിന്നു വെള്ളം വന്നു. തന്മൂലം രണ്ടുപേരും വെള്ളം ചേർത്തുതന്നെ കുടിച്ചു. പോളിയുടെ ഛർദി പാപ്പച്ചൻ തുടച്ചു കളഞ്ഞപ്പോൾ പോളിയുടെ കരളിൽ ശകലം വേദന തോന്നി. സ്നേഹത്തോടെ പോളി ചോദിച്ചു:

‘പാപ്പച്ചാ, എന്തു ബിസിനസ്സ്?'

‘ഒരു ഉശിരൻ സിഗരറ്റു ഫാക്ടറി! നമ്മളുടേതായിരിക്കും ഇ നാട്ടിലെ ആദ്യത്തേത്. അതിനാണു ഞാൻ സ്ഥലം ചോദിക്കുന്നത്. മുകളിൽ ആഫീസ്. താഴെ ഫാക്ടറി.'

‘എടാ, അതിനു കടലാസ്, പുകയില, യന്ത്രങ്ങൾ ഒക്കെ വേണ്ടേ?’

‘യന്ത്രം ഒരു സ്ഥലത്തുണ്ട്!'

‘അതിനു ലക്ഷക്കണക്കിനു രൂപാ കൊടുക്കണം!'

‘രൂപാ കൊടുക്കാതെ യന്ത്രം ഞാൻ ഇവിടെ കൊണ്ടുവരും! യന്ത്ര ഉടമയെക്കൂടി പാർട്ട്ണറാക്കിയാൽ മതി. നീയും ഞാനും യന്ത്ര ഉടമയും മൂന്നു പാർട്ട്ണർ. ഞാൻ മാനേജിങ് പാർട്ട്ണർ.'

‘പണം മുടക്കാതെ നീ എങ്ങനെയാടാ മാനേജിങ് പാർട്ട്ണറാകുന്നത്? മുടക്കാൻ നിന്റെ കൈയിലെന്തുണ്ട്?'

‘ഐഡിയാ!' പാപ്പച്ചൻ പറഞ്ഞു: ‘പറയുമ്പോൾ എല്ലാം പറയണമല്ലോ. ഞാൻ നിന്റെ ശർദി വാരിയവനാണ്! വാരീട്ടുണ്ട്. ഇനിയും വാരുക തന്നെചെയ്യും. നമ്മുടെ ‘താരാസിഗരറ്റ് ഫാക്ടറി' ഞാനില്ലെങ്കിൽ, എന്റെ ഐഡിയാ ഇല്ലെങ്കിൽ, നടക്കാൻ പോകുന്നില്ല. എന്റെ ഐഡിയായ്ക്ക് വിലയില്ലേ?'

ഈരണ്ടു ഡ്രാംകൂടി അവർ അടിച്ചു. ഈ രണ്ടു കടലമണികൾ വീതം ഭക്ഷിച്ചു. ഓരോ ചാർമിനാർവീതം പുകച്ചു. പോളി ചോദിച്ച

‘അപ്പോൾ നീ പേരും നിശ്ചയിച്ചുകഴിഞ്ഞല്ലേ താരാ സിഗരറ്റു ഫാക്ടറി--താരാ എന്ന വാക്കിനു വല്ല അർത്ഥവുമുണ്ടോ?'

‘ന്യായമായും പ്രേമപരമായ അർത്ഥമുണ്ട്. പറയുമ്പോൾ എല്ലാം പറയണമല്ലോ. താര എന്റെ കാമുകി ആകുന്നു!'

ഇതു കേട്ടപ്പോൾ പോളി രണ്ടു ഡ്രാം നീറനുതന്നെ അടിച്ചു.

ഇടതുകൈയിൻറ ചൂണ്ടുവിരലും തള്ളവിരലും കൂട്ടി മൂക്കടച്ചുപിടിച്ചിട്ടാണ്. പറയുമ്പോൾ എല്ലാം പറയണമല്ലോ. പോളി ഛർദിച്ചില്ല. കടലമണി ഒന്നുപോലും ഭക്ഷിച്ചില്ല. ചാർമിനാർ ഉഗ്രമായി ഒന്നു വലിച്ചിരുത്തി.

‘ന്യായം, ന്യായം!' പോളി പറഞ്ഞു: ‘ഫാക്ടറിയിൽ ദമ്പടി മുതൽ മുടക്കില്ല. പക്ഷേ, അവനാകുന്നു മാനേജിങ് പാർട്ടണർ. അതും പോരാ, കണ്ടവന്മാരു കാശുമുടക്കി സ്ഥാപിക്കുന്ന ഫാക്ടറിക്കു പേര് അവന്റെ കാമുകിയുടേതും!'

‘പോളീ, സമരിയാകാൻ വയ്യാത്ത കേസൊന്നുമില്ല. ഫാക്ടറിക്ക് ‘ഏലിക്കുട്ടി സിഗരറ്റ് ഫാക്ടറി' എന്നു പേരിടാം: സിഗരറ്റിനു താരാസ്പെഷ്യൽസ്. എന്തു പറയുന്നു?'

‘ഈ ഏലിക്കുട്ടി ഏത്?'

‘നിന്റെ കാമുകി! ക്രിമിനൽ വക്കീലിന്റെ മകൾ! നീ കെട്ടാൻ പോകുന്ന പെണ്ണ്!'

‘ഏലിക്കുട്ടിക്കു ഞാൻ മുപ്പതു കത്തുകൾ അയച്ചു. അവൾ എനിക്കും മുപ്പതു മറുപടികൾ തന്നു. പ്രേംരഘുമോഡൽ കത്തല്ല. അവൾക്കു മാത്രവും എനിക്കു മാത്രവും. പക്ഷേ, കല്യാണം നടക്കുന്ന കാര്യം

ഇപ്പോഴും സംശയത്തിൽ. കാരണം, സ്ത്രീധനം, ഇരുപതിനായിരമേ അവർ തരൂ. അപ്പച്ചൻ പറയുന്നത് മുപ്പതിനായിരമാണ്. കാരണം ന്യായവും. കല്യാണാലോചന വന്നു സ്ത്രീധനത്തുക ഉറപ്പിച്ചത് രൂപായ്ക്കു വിലയിടിയുന്നതിനു മുമ്പാണ്. ഇപ്പോഴത്തെ രൂപായ്ക്ക് എത്ര പൈസാ വിലയുണ്ട്? ഈ കുറവു പരിഹരിക്കണമെന്ന് അപ്പച്ചൻ പറയുന്നതു ന്യായത്തിൽ ന്യായം മാത്രമാകുന്നു.'

'അപ്പോൾ പ്രേമം എന്നൊക്കെ പറഞ്ഞാൽ?'

'പ്രേമം കൊള്ളാമെഡേ. മഹത്തായ വികാരം. പക്ഷേ, കല്യാണം ഒരു ബിസിനസ്സ് മാത്രമാകുന്നു. എനിക്ക്, എന്നു പറഞ്ഞാൽ അപ്പച്ചന്, നാലു ലക്ഷത്തിന്റെ വകയുണ്ട്. അത് എനിക്കുള്ളതാണെന്നു വെച്ചോളൂ. ഈ നാലു ലക്ഷത്തിന്റെ ബിസിനസ്സിൽ പങ്കുചേർന്നു ലാഭം സമംസമമാക്കുന്നതിനു വില കുറഞ്ഞ ഇരുപതിനായിരം മതിയോ? ന്യായത്തിനു സ്ത്രീധനം രണ്ടു ലക്ഷം കിട്ടണമെന്നു പറയാം. എന്റെ അപ്പച്ചൻ അതു പറഞ്ഞോ?'

'ഇല്ല.'

ഇതാണു സംസ്കാരം എന്നു പറയുന്നത്. താര എന്ന നിൻറ കാമുകിയെ നീ കല്യാണം കഴിക്കുമ്പോൾ നിനക്ക് എന്തു സ്ത്രീധനം കിട്ടും?'

'സ്ത്രീധനം ഒന്നും കിട്ടുകയില്ല. അവൾ പാവമാണ്.'

'പെണ്ണേത്?'

'പാവപ്പെട്ട ഒരു തൊഴിലാളിയുടെ മകൾ.'

'ഏതു തൊഴിലാളി?'

'റിക്ഷാവണ്ടിക്കാരൻ പൈലോ'

'നമ്മുടെ ഖജാൻജി പൈലോ?'

'അതെ.'

'ഹെഡ ഡോഗേ!' പോളി പാപ്പച്ചനെ സൂക്ഷിച്ചു നോക്കി. എന്നിട്ടു, തുടർന്നു: 'അതാണല്ലേ നീ റിക്ഷാത്തൊഴിലാളി സമരം സംഘടിപ്പിച്ചത്? അതാണല്ലേ പൈലോയെ ഖജാൻജിയാക്കിയത്? കിട്ടുന്ന കാശ് അമ്മായിയപ്പന്റെ കൈയിലിരിക്കട്ടെ. അതിനാണല്ലേ എന്നെ അദ്ധ്യക്ഷനാക്കിയത്? ഹെഡാ, ഡോഗിന്റെ ഡോഗേ ഈ ഹ്യൂമറിന് ഒരു സ്റ്റിഫും നീററും കൊടുക്കാം!'

പറയുമ്പോൾ എല്ലാം പറയണമല്ലോ. കുപ്പി കാലിയായിപ്പോയി. എന്നാൽ, സങ്കടത്തിനവകാശം ലെവലേശമില്ല. പോളി അലമാരയിൽ നിന്നു വേറൊരു നിറകുപ്പി എടുത്ത് ഗ്ലാസ്സിൽ പകുതിവരെ ഒഴിച്ച് സ്റ്റി

ഫും നീറ്റുമായി കുടിച്ചു. പറയുമ്പോൾ, സോറി. മൂക്കു പൊത്തിയില്ല. കടലമണി ഭക്ഷിച്ചുമില്ല. ചാർമിനാർ നിർലോഭം പുകച്ചു വെള്ളം ചേർത്ത് പാപ്പച്ചനും ഒരു സ്ററിഫ് അടിച്ചിട്ടു പറഞ്ഞു: "തലയ്ക്ക് ലേശം പിടിച്ച മട്ടു കാണുന്നു. വെറുംവയറാണ്. ലേശം വല്ലതും ഭക്ഷിക്കാൻ സൗകര്യമുണ്ടോ, പോളീ?'

'നോക്കാം.'

ഒരിടവേള എന്നു പറഞ്ഞമാതിരി അവർ ഭക്ഷിച്ചു. ചപ്പാത്തി, ഉരുളക്കിഴങ്ങുകറി, ചോറ്, മോരുകാച്ചിയത്. ഇത്രയും ശാപ്പാടു കഴിഞ്ഞ് ചാർമിനാർ പുകച്ചുകൊണ്ട് അവർ രണ്ടു കസേരകളിൽ ഇരുന്നു. അപ്പോൾ പോളി പറഞ്ഞു:

'ഗോതമ്പു ധാരാളം ഭക്ഷിക്കുക; അരി കുറച്ചും-ഇതാണ് പോളിഹൗസിലെ മുദ്രാവാക്യം. നീ എന്തു പറയുന്നു?'

'വിരോധമില്ല. പറയുമ്പോൾ-'

'ന്യായം, എല്ലാം പറയണം. പറയൂ.'

'ഞങ്ങൾ പാവങ്ങൾ, പരശ്ശതം പാവങ്ങളുടെ മുദ്രാവാക്യം: തിന്നാൻ എന്തെങ്കിലും കിട്ടിയാൽ മതി. മലബാർകാർ പറയുന്നതു പോലെ, പൂളയെങ്കിൽ പൂള! പോളീ, കപ്പക്കിഴങ്ങും കഷ്ടടിയേ ഞങ്ങൾക്കു കിട്ടുന്നുള്ളൂ. ദിവസത്തിൽ വല്ലപ്പഴും ഒരിക്കൽ മൂന്നുനാലു നുറുക്കു കിഴങ്ങു വേവിച്ചു തിന്നുന്നു. വെള്ളം കുടിക്കുന്നു. ഇതാകുന്നു പാവങ്ങളിൽ പാവങ്ങളായ ഞങ്ങൾ-ജനലക്ഷങ്ങളുടെ ജീവിതം,

## മൂന്ന്

ന്യായമായ നിശ്ശബ്ദതയ്ക്കുശേഷം പോളി പറഞ്ഞു:

'തൊഴിലാളിപ്രശ്നം ഇങ്ങനെ ഇരിക്കുമ്പോൾ പണം മുടക്കിയുള്ള ബിസിനസ്സ് ഒന്നും നല്ലതല്ല. ഞാൻ പറഞ്ഞല്ലോ, ഇവിടെ എല്ലാവരും നേതാക്കന്മാർ. എല്ലാവർക്കും മന്ത്രിമാരാകണം. ഇഷ്ടംപോലെ കട്ടു പണക്കാരാകണം. നിന്റെ കാര്യമെടുക്ക്. കപ്പക്കിഴങ്ങു മേടിക്കാൻ പോലും നിന്റെ കൈയിൽ കാശില്ല. പക്ഷേ, നിനക്കു സിഗരററ് ഫാക്ടറിയുടെ മാനേജിങ് പാർട്ടറാകണം. നിന്നെപ്പോലെ കപ്പക്കിഴങ്ങു മാത്രം ഭുജിക്കുന്ന ഏതോ ചാവാലിപ്പെണ്ണിൻറ പേരിടുകയും വേണം ഫാക്ടറിക്ക്. എടാ പാപ്പച്ചാ, നീ പറയൂ, ലോകം എങ്ങനെ അഭിവൃദ്ധിപ്പെടും? നാടെങ്ങനെ പുരോഗമിക്കും?'

പാപ്പച്ചനു ദേഷ്യം വന്നു. പാപ്പച്ചൻ പറഞ്ഞു: 'എടാ പോളീ, നിൻറെ കരണം ഞാൻ അടിച്ചുപൊട്ടിക്കും!'

പോളി പറഞ്ഞു:

‘നാലു ലക്ഷം രൂപായുടെ സ്വത്ത്. അതും പോട്ടെ, ബി.എ. ബി.എൽ. പാസ്സായി. അതും പോട്ടെ, അവൻ ‘കിടപ്പറ' മാസികയ്ക്കു വേണ്ടി മൂവായിരം രൂപാ ചെലവാക്കി. അതും പോട്ടെ. അവന്റെ അമ്മായിയപ്പന്റെ സമരത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചു. അതും പോട്ടെ, അനേക തവണ കുടി, ഊണ്'

‘എടാ പോളീ, നിറുത്ത്. താര ചാവാലിപ്പെണ്ണല്ല; അവൾ സുന്ദരിയാണ്. അവൾ കപ്പ മാത്രമല്ല തിന്നുന്നത്. കഞ്ഞിയും കുടിക്കുന്നുണ്ട്. നീ ദൈവംതമ്പുരാനെ മറന്ന് അതൊക്കെ പറഞ്ഞപ്പോൾ എനിക്കു ദേഷ്യം വന്നതാണ്. കല്യാണം കഴിച്ചുകൊടുക്കാൻ രണ്ടു സഹോദരിമാരുണ്ട്. സിഗരറ്റ് ഫാക്ടറിക്കു നീ മുടക്കു പറയരുത്. പള്ളീലച്ചൻറെ സർട്ടിഫിക്കറ്റുള്ള തൊഴിലാളികൾക്കു മാത്രം നമ്മുടെ ഫാക്ടറിയിൽ ജോലി കൊടുത്താൽ മതി.'

‘ന്യായം, ഏതായാലും നീ മാപ്പു ചോദിക്ക്.' ‘പോളീ മാപ്പ്.'

‘നിരുപാധികം എന്നുകൂടി പറയെടാ!'

'പോളീ, ഞാൻ നിന്നോടു നിരുപാധികം മാപ്പു ചോദിച്ചു കൊള്ളുന്നു.'

‘ശരി. എന്നാൽ കേട്ടോളൂ. നീ എന്റെകൂടെ പരശ്ശതം ഊണ്,കുടി, കാറിൽക്കയററം ഒക്കെ നടത്തിയിട്ടുണ്ട്. ഇതുവരെ നിന്റെ കുടുംബത്തിൻറ കഷ്ടസ്ഥിതിയെപ്പററി നീ പറഞ്ഞിട്ടില്ല.എന്തുകൊണ്ട്? നീ ഒരു ബ്ലഡീ ഫൂളാകുന്നു. ഞാൻ ഒരു ക്യാപ്പിററലിസ്റ് പ്ലേബോയിയാണ്. പക്ഷേ, നിന്റെ സ്നേഹിതനാണ്. നീ ആളുണ്ടാക്കുക. നിന്റെ സഹോദരിമാരുടെ കല്യാണത്തിനുള്ള ചെലവു ഞാൻ വഹിക്കും.!'

പാപ്പച്ചൻ കരഞ്ഞുപോയി. ദുഃഖിതനുമായി. പോളി പറഞ്ഞു:

‘നിന്നെ സിഗരററ് ഫാക്ടറിയുടെ മാനേജിങ് പാർട്ട്ണറാക്കുന്നത് ഒരു വകയാണ്. നിന്നെ ജനറൽ മാനേജരാക്കും. പത്തോ ഇരുന്നൂറോ സൗകര്യം അനുസരിച്ചു ശമ്പളം. ലാഭത്തിന്റെ രണ്ടു ശതമാനം നിനക്കു തരും. എന്തു പറയുന്നു?'

‘നിന്റെ ഇഷ്ടംപോലെ.'

‘ശരി, യന്ത്ര ഉടമ ആര്?'

‘പ്രേംരഘു.'

‘യന്ത്രം നീ കണ്ടോ?'

‘ഇല്ല. നമ്മുടെ ട്രാൻസിസ്റ്റർ റേഡിയോ, വാച്ച് മുതലായവ സ്മഗിൾ ചെയ്തു വിൽക്കുന്ന മീശ റപ്പായിച്ചേട്ടൻ പറഞ്ഞു.'

‘എങ്കിൽ സിലോൺവരവുതന്നെ.’ ലക്ഷക്കണക്കിനു വിലയുണ്ടാവും. അവൻ തരുമോ?'

‘അവനെ പാർട്ട്ണറാക്കണം. മാനേജിങ് പാർട്ട്ണർ പോളി.’

‘നാളെത്തന്നെ നമ്മൾ പോയി അവനെ കാണണം. വീടു നമുക്കു കണ്ടുപിടിക്കാം. യന്ത്രം കരസ്ഥമാക്കാനുള്ള ഉപാധികൾ ഞാനേറ്റു.'

പാപ്പച്ചനും പോളിയും സിംപ്ലന്മാരായി പിറേറദിവസം കാറിൽ തിരിച്ചു. നാൽപ്പതു മൈൽ കാറോടിക്കണം. ഒരു കൂളിങ് ഗ്ലാസുണ്ടായിരുന്നതു ചാരായക്കുപ്പി വീണുടഞ്ഞുപോയി. പോനാൽ പോകട്ടും പോടാ! പോളി കാർ പതുക്കെ ഓടിച്ചു. പ്രേംരഘു വീട്ടിൽ തന്നെ ഉണ്ടാവണം, വഴിക്ക് അപകടങ്ങൾ വരരുത്, യന്ത്രം നിഷ്പ്രയാസം കിട്ടണം എന്നീ കാര്യസാധ്യത്തിലേക്കായി വഴിക്കുള്ള കുരിശുപള്ളിയിലെ നേർച്ചപെട്ടിയിൽ അരരൂപായുടെ ചില്ലറക്കാശുകൾ നിക്ഷേപിച്ചു.

'പാപ്പച്ചാ, നീ ശ്രദ്ധിക്ക്.' പോളി ഉപദേശിച്ചു: ‘നീ ഒരു നേതാവും സാഹിത്യകാരനുമാകുന്നു. തന്മൂലം സംസ്കാരവും വിദൂരവീക്ഷണവും കുറയും. വർത്തമാനങ്ങളെല്ലാം ഈ വക്കീൽസാർ പറയും. യന്ത്രത്തിന്റെ കാര്യം നീ മിണ്ടിപ്പോകരുത്. അങ്ങോട്ടു ചോദിക്കുമ്പോൾ പ്രേംരഘുവിനു ഗമ കൂടും. പിന്നെ ഒരു കാര്യം നീ ഓർക്കണം. ലക്ഷത്തിന്റെ ബിസിനസ്സ് ചെയ്യാൻ പോകുന്നവരാണ് നമ്മൾ. തന്മൂലം ഇനിയ ങ്ങോട്ടു ചാർമിനാർ വലിക്കരുത്!'

‘പിന്നെന്തു വലിക്കും?'

‘ഗോൾഡ്ഫ്ളേക്ക്! ഇരുപതിന്റെ രണ്ടു പാക്കററ് ഞാൻ കരുതിയിട്ടുണ്ട്. രണ്ടുകുപ്പി ജോണിവാക്കർ വിസ്കിയും. ലാഭത്തിന് മീശറപ്പായിച്ചേട്ടനോടു വാങ്ങി.'

‘അയാളുടേൽ വിസ്കിയുമുണ്ടോ? പക്ഷേ, പോളീ, പ്രേംരഘുവും നീയും ഞാനും കൂടി കള്ളും ചാരായവും കുടിച്ചിട്ടുണ്ട്. ബീഡിയും ചാർമിനാറും വലിച്ചിട്ടുണ്ട്. പിന്നെ ഈ ഗോൾഡ്ഫ്ളേക്കും ജോണീ വാക്കറും?'

‘ഡോഗിന്റെ ഡോഗേ! ഇംപ്രസ് ചെയ്യിക്കുക! നമ്മുടെ ഇപ്പോഴത്തെ ജീവിതരീതി കാണുമ്പോൾ പ്രേംരഘു സ്റ്റണ്ട്!'

പറയുമ്പോൾ എല്ലാം പറയണമല്ലോ. വഴിക്കവർ വലിച്ചതു ചാർമിനാറാകുന്നു. ഫോർ പാക്കററ്സ് പാപ്പച്ചൻ കടത്തിൽ വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഉച്ചയോടടുത്ത ശുഭമുഹൂർത്തത്തിൽ വഴിക്കവർ സുന്ദരമായ ഒരു കള്ളുഷാപ്പ് കണ്ടു. പറയുമ്പോൾ സോറി; കാർ സഡൻസ്റ്റോപ്പ്! ഷോപ്പിൽ അവർ ശ്രീ രഘുനാഥന്റെ

വീട്ടിലേക്കുള്ള വഴി ചോദിച്ചു. തത്സമയം പുത്തൻ കള്ളിന്റെയും പൊരിച്ചിട്ട കരിമീനിന്റെയും ഹരംപിടിച്ച-ഹോ!

'എന്തു പറയുന്നടേ?'

'നീ എന്തു പറയുന്നു?'

ത്യാഗം! തിന്നുമില്ല, കുടിച്ചുമില്ല. ഇവിടെയാകുന്നു ഉശിരൻ ആണത്തം! റൈറ്റ്! കാറോടിച്ചുപോയി. അങ്ങനെയങ്ങനെ വരുന്നു യന്ത്രഭവനം! ടാർറോഡിന്റെ പള്ളയ്ക്കുനിന്നു വയലുകളുടെ നടുവിലൂടെ യുള്ള മൺറോഡ്. പത്തുപന്ത്രണ്ടേക്കർ വയല്. നടുക്ക് എന്നവണ്ണം നാലേക്കർ തെങ്ങിൻപുരയിടം. അതിന്റെ നടുക്ക് പഴയ മോഡൽമാളിക.

'സ്റ്റോപ്പെടാ. ഗോൾഡ്ഫ്ളേക്ക്!'

ബാഗിൽ നിന്നു രണ്ടു പാക്കറ്റുകളും എടുത്തു. രണ്ടു പേരും പൊളിച്ചു. രണ്ടുപേരും കത്തിച്ചുവലിച്ചു പുകവിട്ടു. പറയുമ്പോൾ സോറി, രണ്ടുപേരും നല്ലവണ്ണം. ചുമച്ചു. പതിവുള്ള ബ്രാൻറ് മാറി വലിക്കുമ്പോൾ ലേശം ചുമയെല്ലാം ഉണ്ടാകും. സാരമില്ല. വണ്ടി വിട്ടു. സ്ലോയിലാണ്. കാർ ഗേറ്റിനടുത്തെത്തി. രണ്ടുമൂന്ന് അൾസേഷ്യൻ നായ്ക്കളുടെ ചങ്കുപൊട്ടുന്ന ഉഗ്രൻ കുരകൾ. തുടർന്ന് പൈപ്പ് കടിച്ചുപിടിച്ചു പുകവിട്ടുകൊണ്ട്, കൈകൾ കറുത്ത പാൻറിന്റെ പോക്കററുകളിൽ തിരുകി സുസ്മേരവദനനായി തടിയൻ പ്രേംരഘു. മുടി ചപ്രച്ചവറൻ. അരയ്ക്കു മേപോട്ടു പിറന്ന പടി. പ്രേംരഘുതന്നെ ഗേറ്റ് തുറന്നു.

'വെൽക്കം ടു രഘുകുടീർ!'

കാർ അകത്തു കടന്നു. ഗേററുകൾ അടഞ്ഞു. കാർ തണലിലിട്ട് ബാഗുമായി പോളിയും പാപ്പച്ചനും ഇറങ്ങി.

പ്രേം രഘു പറഞ്ഞു:

'ലിസിമോൾക്കും സഹസ്രനയനനും മംഗളം!' പാപ്പച്ചനും പോളിയും സ്റ്റണ്ട്!

പ്രേംരഘു വിശദമാക്കി:

'കിടപ്പറവായന തുടങ്ങിയപ്പോൾ എനിക്കു മനസ്സിലായി, ലിസിമോൾ പാപ്പച്ചൻ, സഹസനയനൻ പോളി.'

'പ്രേം, നീ ഇതു വല്ലവരോടും പറഞ്ഞോ?' 'ആരോടും പറഞ്ഞിട്ടില്ല!'

പാപ്പച്ചൻ ചോദിച്ചു:

'നിനക്കു ഞങ്ങളുടെ സാഹിത്യത്തെപ്പറ്റി എന്താണഭിപ്രായം?'

പ്രേംരഘു പറഞ്ഞു:

‘ഞാനത് ഒളിച്ചാണു വായിച്ചത്. അമ്മയും സഹോദരിമാരും കണ്ടിട്ടില്ല. വായനകഴിഞ്ഞു മൂന്നു ലക്കവും അപ്പപ്പോൾ ഒരു തെങ്ങിൻ ചുവട്ടിലിട്ടു കത്തിച്ചു. മൂന്നു ലക്കത്തിന്റെ സാഹിത്യച്ചാരം വീണപ്പോൾ തെങ്ങുണങ്ങി!'

‘സംസ്കാരശൂന്യർ!' പാപ്പച്ചൻ പറഞ്ഞു: ‘അതു കത്തിക്കാത്തവരാരുമില്ല!'

‘നിങ്ങളെ ആരും അടിക്കാഞ്ഞതെന്ത്?' ‘ഞങ്ങളപ്പോൾ രാഷ്ട്രീയത്തിൽക്കയറി!'

‘ഞാനതു കേട്ടു. നിങ്ങളാ റിക്ഷാത്തൊഴിലാളിസമരത്തിൽ എങ്ങനെ, എന്തിന്, നേതൃത്വം കൊടുത്തു?'

പോളി പാപ്പച്ചനെ നോക്കി. പാപ്പച്ചൻ അരുതരുതെന്നുകണ്ണിറുക്കിക്കാണിച്ചു.

പോളി പറഞ്ഞു: എനിക്കു സഹിക്കുന്നില്ല. ഞാൻ പറയും പ്രേം, നീ കേൾക്ക്.

പാപ്പച്ചനെന്ന ഈ കശ്മലൻ സംഘടിപ്പിച്ചതാണ് ആ ഉഗ്രസമരം. കാരണം റിക്ഷാവണ്ടിക്കാരൻ പൈലോയുടെ മോളെ ഈ പാപ്പച്ചൻ

പ്രേമിക്കുന്നു!'

‘പേര്?'

‘താര.'

‘താരയ്ക്കും പാപ്പച്ചനും മംഗളം! വരൂ. നമുക്കിതൊന്ന് ആഘോഷിക്കാം.

നല്ല ചെമ്പാവരിയുടെ ചോറ്. തിരുത എന്ന വിശിഷ്ട മത്സ്യം വറുത്തതും വെച്ചതും. കടുമാങ്ങാ, തൈര്--പപ്പടം കാച്ചിയത് ഐച്ഛി

കമാണോ?'

‘അങ്ങനെ ഇല്ല.'

‘എങ്കിലും...എടേ!' പ്രേംരഘു വിളിച്ചു. തടിയനായ ഒരു സ്ലേവ്

ഹാജർ!

‘എടേ ചെഞ്ചിസ്ഖാൻ, പപ്പടം കാച്ചിക്കോളാൻ അമ്മയോടു പറയൂ. പിന്നെ മഞ്ഞുകട്ടകൾ, തിരുത പൊരിച്ചത്, ചട്ട്ണി-എല്ലാം മുന്നോടിയായി വരട്ടെ.

പോളി ചോദിച്ചു:

‘ചെഞ്ചിസ്ഖാൻ?'

പ്രേംരഘു ചിരിച്ചു:

'ഇവൻ എന്റെ ഒരടിമയാണ്. ഇവന്റെ പേര് കൊച്ചിട്ട്യാതി. ഇവനു ശമ്പളക്കയററം ഒന്നും വേണ്ടാ. പ്രമോഷൻ വേണം. പുതിയ പേരുകൾ. കഴിഞ്ഞ ആറു മാസമായിട്ട് ഇവൻ ചെഞ്ചിസ്ഖാൻ. പോടാ, നിന്നു ചിളിക്കാതെ.'

അടിമ പോയി.

'അവൻ ചെഞ്ചിസ്ഖാൻറെ ചരിത്രം വായിച്ചു. ആ മഹാൻറെ ശത്രുക്കളുടെ മുടിയാൽ നിർമിച്ച കൊടി അവനു നന്നേ ഇഷ്ടപ്പെട്ടു. അതു കാരണം അവനിനി പേരു മാറ്റേണ്ടെന്നു പറയുന്നു. എന്തു ചെയ്യും? ബാഗിലെന്ത്!'

'ജോണിവാക്കർ വിസ്കി.' പാപ്പച്ചൻ പറഞ്ഞു.

പ്രേംരഘു പറഞ്ഞു:

'വാങ്ങിച്ചുകൊണ്ടു വരേണ്ടായിരുന്നു. വരൂ.' അവർ മുകളിലെത്തി. നാലുവശവും കണ്ണെത്താത്ത ദൂരംവരെ കാണാം. ഒരു വശം വീതിയുള്ള വെൺമണൽബീച്ചു കഴിഞ്ഞു മഹാസമുദ്രം. എവിടെനിന്ന് ആരു വന്നാലും വീട്ടുകാർക്കു കാണാം.

## നാല്

മുകളിൽ രണ്ടു മുറി. ചുററും അരമതിൽമാതിരി കമ്പികൾ ഘടിപ്പിച്ച് വരാന്ത. മുറികളിൽ ഒന്നു കിടപ്പറ. മറേറതു ഭംഗിയായി സജ്ജീകരിച്ചിരിക്കുന്നു. തിണ്ണ നിറയെ വിലകൂടിയ കയറ്റുപായ്, കസേരകൾ, മേശ, സെററികൾ, വലിയ ഇരുമ്പലമാരകൾ, സീലിംഗ്ഫാൻ, റേഡിയോഗ്രാം. ഷെൽഫുകൾ നിറയെ പുസ്തകങ്ങൾ.

പോളി, ജോണിവാക്കർ കുപ്പികളെ മേശമേൽ നിറുത്തി. ഗോൾഡ്ഫ്ളേക്ക് സിഗരറ്റുപെട്ടി അലസമായി മേശപ്പുറത്തിട്ടു. പാപ്പച്ചനും ഗോൾഡ്ഫ്ളേക്ക് മേശപ്പുറത്തിട്ടു. പ്രേംരഘു പൈപ്പിലെ ചാരം ആഷ്ട്രേയിൽ നിക്ഷേപിച്ചിട്ട് പൈപ്പ് മേശവലിപ്പിൽ വെച്ചു. എന്നിട്ട് ഒരു ടിൻ സ്റ്റേറ്റെക്സ് സിഗരറ്റ് മേശപ്പുറത്തുവെച്ചു.

ഹെഡാ!. പോളിയും പാപ്പച്ചനും മനസ്സിൽ പറഞ്ഞു ങ്ഹും!

പ്രേംരഘു ഇരുമ്പലമാര തുറന്നു മൂന്നു ഗ്ലാസ്സുകൾ എടുത്തു. അപ്പോൾ അലമാരയിൽ ഏവരും സ്റ്റണ്ടാകേണ്ട ഒരു കാഴ്ച! ജോണിവാക്കർ, ബ്ലാക്ക് ആൻഡ് വൈറ്റ്, ഹെയിഗ്, വൈററ് ഹാഴ്സ് വിസ്കികൾ ഈരണ്ടു കുപ്പികൾ. പിന്നെ ജിൻ, ഷാമ്പെയിൻ മുതലായവയും.

കടുവായെ പിടിക്കുന്ന കിടുവായോ!....ഇവൻ ആരെടാ?

പോളിയും പാപ്പച്ചനും മനസ്സിൽ ലേശം സ്റ്റണ്ടായിത്തന്നെ വിചാരിച്ചു. സിഗററ്റുണ്ടാക്കുന്ന വിലകൂടിയ യന്ത്രം ഇവൻ എവിടെ

വച്ചിരിക്കുന്നു? പറമ്പിൽ ഷെഡ്ഡുകളൊന്നും കണ്ടില്ല. മാളികയിൽ നിന്നു വിട്ടു ദൂരെ വലിയ അടുക്കള, കിണറ്. യന്ത്രം എവിടെ? അഴിച്ച്, ഇല്ല-- വന്നപടി വലിയ പെട്ടികളിലായിരിക്കും. വരട്ടെ. പ്രേംരഘു തന്നെ പറയും, പറയാതിരിക്കുമോ? നീ കടുവായെ പിടിക്കുന്ന ഒരു ഉഗ്രൻ കിടുവാ ആയിത്തീർന്നല്ലോടാ. എങ്കിലും നീ പറയും. ലേശമൊന്നുമിനുങ്ങട്ടെ. നാവ് അയഞ്ഞുതുടങ്ങും!. വി നോ.

പ്രേംരഘു കുപ്പികൾ രണ്ടുമെടുത്ത് അടിവശം നോക്കിയ ശേഷം മേശപ്പുറത്തുതന്നെ നിറുത്തിയിട്ട് ഒന്നിന്റെ സീലു പൊട്ടിച്ച് തല കീഴായി പിടിച്ചിട്ടു നേരെ നിറുത്തിവച്ചു. വിദേശത്തുനിന്നു വരുന്ന മദ്യക്കുപ്പികളിൽ ഒരു ചെറിയ മായമുണ്ട്.' പ്രേംരഘു പറഞ്ഞു: 'ഇന്ത്യക്കാർ ചെയ്യുന്നതാണ്. ഒരു കമ്പി പഴുപ്പിച്ചു കുപ്പിയുടെ മൂട്ടിൽക്കയററും. പിന്നെ സിറിഞ്ചുകൊണ്ടു വിലകൂടിയ മദ്യം പകുതി വേറൊരു കുപ്പിയിലാക്കുന്നു. പകരം ചാരായം നിറയ്ക്കുന്നു. ചിലർ വെറും സ്പിരിററും. എന്നിട്ടു

കുപ്പിയുടെ മൂട്ടിലെ തുള ഉരുക്കി ശരിപ്പെടുത്തുന്നു. അതിനുമുണ്ട് യന്ത്രം, ഈ കുപ്പി അങ്ങനെ ചെയ്തതല്ല. ഒറിജിനൽ ഗുഡ്സ് തന്നെ. എവിടെനിന്നു വാങ്ങി?'

പോളി പറഞ്ഞു:

'സ്മഗിൾഡ്! എഴുപത്തിയഞ്ചുവീതം കൊടുത്തു. ലാഭമല്ലേ?' ഓപ്പൺമാർക്കററിൽ നൂററിയിരുപതു രൂപാ വീതം കൊടുക്കണം.'

'ആരോടു വാങ്ങി?'

'റപ്പായിച്ചേട്ടൻ എന്നൊരാളുണ്ട്. അയാൾ'

പ്രേംരഘു ചിരിച്ചു:

'മീശറപ്പായിച്ചേട്ടനല്ലേ? ഞാൻ കൊടുത്തതാണ്. അമ്പത്തിയഞ്ചിന്. എനിക്ക് ഏതാണ്ട് മുപ്പതു വരും മുതല്.'

'അപ്പോളീ തൊണ്ണൂറു രൂപാ?'

'എൺപതു സർക്കാരിനും പത്തു കച്ചവടക്കാർക്കുമെന്നു വിചാരിക്കൂ.' ചെഞ്ചിസ്ഖാൻ വലിയ ഒരു ട്രേയുമായി വന്നു.

പ്രേംരഘു ബെഡ്റൂമിൽ പോയിട്ട് ഒരു സിൽക്കു കൈലി ഉടുത്തു. കൈയിൽ രണ്ടു സിൽക്കുകൈലികളുമായി വന്നു. പാപ്പച്ചനും പോളിയും അതു വാങ്ങി.

പോളി പറഞ്ഞു:

'ഞങ്ങൾക്കുടനെ പോകണം!'

എന്നിട്ടു രണ്ടുപേരും അകത്തെ മുറിയിൽ പോയി കൈലിധാരികളായി വന്നു. ട്രേയിൽ വലിയ ഒരു സ്ഫടികപ്പാത്രം നിറയെ ഐസ്ക്യൂബ്സ്. കൂടെ സ്റ്റെയിൻലസ് സ്റ്റീലി ന്റെ ഒരു ചവണ. പ്ലേറ്റിൽ തിരുത പൊരിച്ചത്.കൂട്ടത്തിൽ ഉള്ളി, പച്ചമുളക്, ടൊമാറേറാ എന്നിവ അരിഞ്ഞതിൽ ഉപ്പു തളിച്ചത്. ചെറിയ പ്ലേററിൽ പച്ചച്ചട്ടിണി. പ്രേം രഘു അലമാരയിൽനിന്ന് ഒരു ഗ്ലാസ്സുകൂടി എടുത്തു മേശപ്പുറത്തു വച്ചിട്ടു നാലിലും പകുതി ഗ്ലാസ് വീതം വിസ്കി ഒഴിച്ച് ഓരോ കഷണം മഞ്ഞുകട്ടകൾ ഇട്ട് ഒരു ഗ്ലാസ് കൈയിലെടുത്തു. പോളിയും പാപ്പച്ചനും എടുത്തു. ബാക്കിവന്ന ഗ്ലാസ് ചെഞ്ചിസ്ഖാനും എടുത്തു.

'താരയ്ക്കും പാപ്പച്ചനും!'

പ്രേംരഘു പറഞ്ഞു. എല്ലാവരും ഗ്ലാസ്സുകൾ തമ്മിൽ മുട്ടിച്ചു ശബ്ദമുണ്ടാക്കിയിട്ടു ലേശം വീതം സിപ്പുചെയ്തു. പെട്ടെന്നു പ്രേംരഘുവും ചെഞ്ചിസ്ഖാനും ഒററവലിക്കു ഗ്ലാസ് കാലിയാക്കി.

ഗ്ലാസുകളിൽ ഏകാന്തമായ ഐസ് ക്യൂബുകൾ മാത്രം. പോളിയും അതുപോലെ ചെയ്തു വച്ചു. അപ്പോൾ പാപ്പച്ചൻ ഒറ്റവലിക്കു ഗ്ലാസ് കാലിയാക്കി എന്നു പറഞ്ഞാൽ മഞ്ഞുകട്ടയും കൂടി വിഴുങ്ങിക്കളഞ്ഞു! എന്നിട്ടു പച്ചനിറത്തിലുള്ള ചട്ട്ണി സ്പൂൺ കൊണ്ടു ശകലം എടുത്തു വായിലിട്ടു നുണഞ്ഞിറക്കിയിട്ടു ചോദിച്ചു:

'ഇതെന്തെടേ ഇത്?' ചെഞ്ചിസ്ഖാൻ ദൂരെനിന്നു പറഞ്ഞു:

'കുടവൻ ഇലകൊണ്ടുള്ള ചട്ട്ണി. ദീർഘായുസ്സിനു ബഹുകേമൻ!'

'കുടവൻ എന്നു പറഞ്ഞാൽ?'

നോക്കുമ്പോൾ ചെഞ്ചിസ്ഖാൻ പോയിക്കഴിഞ്ഞിരിക്കുന്നു. പ്രേംരഘു എണീറ്റു റേഡിയോഗ്രാം ഓൺ ചെയ്തു വലിയ ഒരു റെക്കാർഡ് വച്ചു. വളരെ പതുക്കെ മനോഹരമായ ശബ്ദകോലാഹലങ്ങൾ. ഇൻസ്ട്രമെന്റ് മ്യൂസിക്കാണ്.

'അറേബ്യൻ നൈററ്സ്', ഗ്യാസ്ഫിൽഡ് റോൺസണിൽ സ്റ്റേറ്റെക്സ്പ്രസ് കൊളുത്തിയിട്ട് പ്രേംരഘു പറഞ്ഞു. വീണ്ടും ഗ്ലാസ്സുകളിൽ മഞ്ഞു കട്ടകൾ വീണു. മൂന്നു നാലു കഷണങ്ങൾ വീതം. വിസ്കി ഈരണ്ടു പെഗ്ഗു വീതവും. സംഗീതത്തിൽ മുങ്ങിയ ഓൺ ദി റോക്ക്. ധൃതിയില്ല. മെല്ലെമെല്ലെ സിപ്പ് ചെയ്തു ദീർഘായുസ്സിനുവേണ്ടി കുടവൻ ചട്ട്ണി തൊട്ടുനക്കുക.

'അപ്പോൾ പ്രേം', പാപ്പച്ചൻ സംശയം ചോദിച്ചു: 'നീയൊരു യോഗ്യനാണല്ലോ. മദ്യപാനത്തെപ്പറ്റി എന്താണ് നിന്റെ അഭിപ്രായം?'

‘ഇൻഡ്യക്കാരായ നമ്മൾ പതിവായിക്കഴിച്ചാൽ തലച്ചോറ്, പല്ല്, കണ്ണുകൾ എന്നിത്യാദികൾക്കു ഹാനിയും അകാലവാർദ്ധക്യവും തുടർന്നു മരണവും ഫലം.'

പോളിക്കു വിശ്വാസമായില്ല.

‘ഇംഗ്ലീഷുകാരു പതിവായി കഴിക്കുന്നുണ്ട ല്ലോ!'

‘സൂപ്പ്, മുട്ട, പാല്, ഇറച്ചി, മത്സ്യം, വെജിററബിൾസ്, റൊട്ടി, വെണ്ണ, പഴങ്ങൾ വിററാമിൻ ഗുളികകൾ എന്നിവയും പതിവായി കഴിക്കുന്നുണ്ട്.

നമ്മളോ?'

പാപ്പച്ചൻ പറഞ്ഞു:

‘കപ്പ പുഴുങ്ങിയതും ചാരായവും!'

‘കുടൽ വെന്തു ചാകാൻ പിന്നെ വല്ലതും വേണോ?' പ്രേംരഘു പറഞ്ഞു:

‘പണ്ടത്തെമാതിരി ഞാൻ ഇപ്പോൾ മദ്യപാനിയല്ല. എന്നാൽ, എനിക്കു വളരെ സൗകര്യവുമുണ്ട്. എന്റെ രണ്ടു സഹോദരികളുടെയും ഭർത്താക്കന്മാർക്കു രണ്ടു പട്ടണങ്ങളിൽ രണ്ടു വിദേശമദ്യഷോപ്പുകളുണ്ട്. എനിക്കു സ്വന്തമായി സ്മഗിൾചെയ്തവയും കിട്ടും. പക്ഷേ, പതിവായി കഴിക്കുന്നില്ല. എനിക്കു പിടിപ്പതു ജോലിയുണ്ട്. തെങ്ങുംതോപ്പുകൾ നോക്കണം. പന്ത്രണ്ടേക്കർ നെൽക്കൃഷിയിൽ ശ്രദ്ധിക്കണം. സ്വന്തം ബിസിനസ്സിലും. ചെഞ്ചിസ്ഖാനും ഞാനുമേയുള്ളൂ ഇതെല്ലാം നോക്കാൻ.'

‘അലമാരയിൽ കാണുന്ന മദ്യക്കുപ്പികൾ എല്ലാം സ്മഗിൾഡാണോ?' പോളി ചോദിച്ചു.

‘ലിക്കർ മാത്രമല്ല, ട്രാൻസിസ്ററർ റേഡിയോ, ടേ പ്റെക്കോർഡുകൾ, വാച്ചുകൾ, വിലകൂടിയ ഫൗണ്ടൻ പേനകൾ, സിഗററ്റുകൾ, ലൈറ്ററുകൾ, ദൂരദർശിനികൾ, റിവാൾവറുകൾ, ടോർച്ചുലൈററുകൾ, വിററാമിൻ ഗുളികകൾ, സെവൻസീസ് കോഡ്ലിവർ ഓയിൽ കാപ്സ്യൂളുകൾ, സിൽക്കുലൊങ്കികൾ എന്നാൽ, സ്വർണം മാത്രം ഇല്ല അതു വില്ക്കാൻ ദൂരെ പോണം. പിന്നെ ഷേവിങ്സെററുകൾ എന്നിങ്ങനെ പലതും ഞാൻ കൈകാര്യം ചെയ്യുന്നുണ്ട്.'

‘എവിടുന്ന്?'

പ്രേംരഘു ചിരിച്ചു:

‘ഈശ്വരൻ കടൽ സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യൻ അതിൽ കപ്പലോടിക്കുന്നു. കപ്പലുകളിൽ പല രാജ്യങ്ങളിൽനിന്നും പലേ സാധനങ്ങളും കാണും.

പുറംകടലിൽ ബോട്ടുകൾ കപ്പലിനെ സമീപിക്കുന്നു. സാധനങ്ങൾ കൈമാറുന്നു. ബിസിനസ്സുകൾ നടക്കുന്നു.'

'ഇവിടെ സ്റ്റോക്കുണ്ടോ?'

'പിടിക്കത്തക്കതൊന്നുമില്ല. ഈ ബിസിനസ്സ് എന്റെ തലയിൽ കെട്ടിവെച്ചതാണ്. സ്റ്റോക്ക് വെള്ളത്തിൽവെച്ചുതന്നെ മിക്കതും വിററഴിയും.'

'ലാഭം വളരെ കിട്ടുമല്ലോ?!'

'മാസത്തിൽ ഒരയ്യായിരം രൂപ.' പ്രേംരഘു പറഞ്ഞു: 'മൂന്നുനാലു കൊല്ലമായി ഞാനിതു തുടങ്ങീട്ട്. ഇതിൽ വലിയ അപകടങ്ങളുണ്ട്. ഒരു കൊല്ലം കൊണ്ട് ഞാനിതു വൈൻറപ്പുചെയ്തു ശ്രദ്ധ മുഴുവനും കൃഷിയിൽ കേന്ദ്രീകരിക്കും. ഭക്ഷണക്ഷാമമുള്ള രാജ്യമാണല്ലോ ഇന്ത്യ'

'ഇന്ത്യ നന്നാവുമോ, പ്രേം?' പോളി ചോദിച്ചു.

'ഇവിടെ ഒരു ഭരണക്കളിയാണ്. കൊച്ചുപിള്ളേരുടെ ഒരു ഭരണക്കളി. നല്ല എന്തെങ്കിലും ഒരു സാധനം ഇവിടെ കിട്ടുമോ? മെയിഡ് ഇൻ ഇന്ത്യ എന്നു കണ്ടാൽ എനിക്കു പേടിയാണ്! ഇൻജക്ററ് ചെയ്യാനുള്ള മരുന്നിനകത്ത് ആന ചത്തുകിടക്കുന്നു.'

'പറയുമ്പോൾ എല്ലാം പറയണമല്ലോ.' പാപ്പച്ചൻ പറഞ്ഞു: 'ചത്തുകിടന്നത് ആനയല്ല, ഈച്ച!'

'സ്വാതന്ത്ര്യം കിട്ടിയിട്ടു കുറച്ചു കാലമല്ലേ ആയുള്ളൂ പോളീ?' പ്രേംരഘു പറഞ്ഞു: 'ഇന്ത്യ നന്നാവും. മഹത്തായ ഒരു രാഷ്ട്രമായിത്തീരും. ഒരു നൂറുകൊല്ലം നീ ഇന്ത്യയ്ക്ക് അനുവദിക്ക്.'

'നിങ്ങളിനി നൂറുകൊല്ലം ജീവിച്ചിരിക്കുമോ?'

ഇത്രയും സമയംകൊണ്ടു രണ്ടാമത്തെ കുപ്പി പകുതിയായി. തിരുത് പൊരിച്ചതു തീർന്നു. മഞ്ഞുകട്ടകൾ ഉരുകി വെള്ളമായി. ആ വെള്ളം കുറേശെ ഒഴിച്ചായി പാനം. ബാക്കിയുള്ള ചട്ട്ണി തൊട്ടുനക്കിത്തുടങ്ങി.

## അഞ്ച്

'നിനക്ക് ഇപ്പോൾ എന്തു സ്വത്തുണ്ട്?' പോളി ചോദിച്ചു.

അച്ഛനും അമ്മയ്ക്കും രണ്ടു സഹോദരികൾക്കും എനിക്കും കൂടി ഏഴു ലക്ഷം രൂപയുടെ സ്വത്തുണ്ടെന്നു വിചാരിക്ക്. എനിക്കു തനിച്ച് ഒരഞ്ചു ലക്ഷം ഉണ്ടാവുമെന്നു കരുതാം.'

‘നിന്റെ ആയിരംചൂണ്ടപ്രേമം ഇപ്പോഴെങ്ങനെ? ഒരു കത്തിന്റെ കോപ്പിതന്നെ ഒരുപാടു പെൺപിള്ളർക്ക്.’

‘അയയ്ക്കാറില്ല. അതൊരു തമാശയായിരുന്നു.'

‘നീ കല്യാണം കഴിക്കുന്നില്ലേ? വിവാഹത്തെപ്പറ്റി നിൻറെ വിദഗ്ദ്ധാഭിപ്രായമെന്ത്?'

വിവാഹം ഒരു കൂട്ടുബിസിനസ്സാണ്. ഭാര്യയുടെ പ്രധാനാവേശം ഭർത്താവിനെ അടക്കിഭരിക്കുക എന്നുള്ളതാണല്ലോ. അഞ്ചുലക്ഷം രൂപാ എനിക്കു സ്ത്രീധനം തരാൻ സൗകര്യമുള്ള പെണ്ണെവിടെ?'

‘കേൾക്കെടാ ഡോഗേ!' പോളി പാപ്പച്ചനോടു പറഞ്ഞു: ‘ഗുരുമുഖത്തുനിന്നു കേൾക്ക്.'

‘അതുകൊണ്ട്’, പ്രേംരഘു പറഞ്ഞു: ‘പാവപ്പെട്ട ഒരു പെൺകുട്ടിയെ ഞാൻ കല്യാണം കഴിക്കാൻ വിചാരിക്കുന്നു.'

‘കേൾക്കെടാ ആദിചീങ്കണ്ണീ,' പാപ്പച്ചൻ പോളിയോടു പറഞ്ഞു: ‘നീ ഗുരുമുഖത്തുനിന്നുതന്നെ കേൾക്ക്'

പോളി സ്റ്റണ്ട്!

പാപ്പച്ചൻ ഉത്സാഹത്തോടെ ചോദിച്ചു: ‘ഭാഗ്യവതിയുടെ പേര്?'

‘നളിനി.'

പാപ്പച്ചൻ കുപ്പിയിൽനിന്നു നേരിട്ടു കുടുകുടാ കുടിച്ചു ചുമച്ചു കണ്ണീരൊലിപ്പിച്ചുകൊണ്ട്:

‘നളിനിക്കും രഘുവിനും മംഗളം!'

തുടർന്ന് പ്രേംരഘുവും പോളിയും കുപ്പിയിൽനിന്നുതന്നെ കുടിച്ചു. പറയുമ്പോൾ എല്ലാം പറയണമല്ലോ, അവർ ചുമച്ചില്ല. പ്രേംരഘു പറഞ്ഞു:

‘പാപ്പച്ചാ, താരയുടെയും നിന്റെയും കല്യാണത്തിനു ഞാൻ നിങ്ങൾക്ക് ഒരു സമ്മാനം തരും. ആയിരത്തിയൊന്നു രൂപാ!’

പാപ്പച്ചൻ പൊട്ടിക്കരഞ്ഞുപോയി.

‘പ്രേം, നീ ദേവകുമാരനാണ്!' പോളിയുടെ നേരെ തിരിഞ്ഞു തുടർന്നു: ‘പോളീ, നീയും ദേവകുമാരനാണ്!'

പ്രേംരഘു പറഞ്ഞു:

‘ഞാൻ ദേവകുമാരൻ - ന്യായം. ഈ പോളി എന്തു വകയിൽ ദേവകുമാരൻ?'

സഹോദരിമാരുടെ കല്യാണച്ചെലവ് പോളി വഹിക്കാമെന്നേറ്റ വിവരം പാപ്പച്ചൻ പറഞ്ഞു.

'ന്യായമായും പോളി ദേവകുമാരൻതന്നെ. എന്നാൽ, പോളിയുടെ പ്രേമച്ചെയ്തികൾ എങ്ങനെ?'

'ആ കാര്യത്തിൽ ഇവൻ ചീങ്കണ്ണിയാകുന്നു. പറയുമ്പോൾ എല്ലാം പറയണമല്ലോ. ചീങ്കണ്ണിരാജൻ.'

തുടർന്ന് ഏലിക്കുട്ടിയെപ്പറ്റിയുള്ള ചർച്ച നടന്നു. സദസ്സിൽ പോളി ഒരു കൊള്ളരുതാത്തവനായി തീർന്നതിനാൽ

'അളിയാ,' പോളി പ്രേംരഘുവിനോടു പറഞ്ഞു: 'അളിയൻ പറഞ്ഞാൽ ഞാൻ ഏലിക്കുട്ടിയെ കെട്ടും!'

'ചുമ്മാ കെട്ടടേ- ആൺപിള്ളേരായ നമ്മളല്ലാതെ പിന്നാരാണ് പെൺപിള്ളേരെ കെട്ടാനുള്ളത്?'

'പോളി എന്ന ഞാൻ, ഏലിക്കുട്ടിയെ കെട്ടും!'

'പ്രേം, ഇവനു ലക്കില്ല. പച്ചയ്ക്കിവൻ മറിച്ചുപറയും! രേഖ വേണം.'

കടലാസും പേനയും വന്നു. പോളി എഴുതി:

'പ്രിയപ്പെട്ട അപ്പച്ചനും അമ്മച്ചിയും വായിച്ചറിയാൻ, മകൻ പോളി എഴുതുന്നതെന്തെന്നാൽ

'ഞാൻ ഏലിക്കുട്ടിയെ കെട്ടാൻ ഉറച്ചുകഴിഞ്ഞു. ദൈവനാമത്തിൽ എതിരു പറയാതിരിക്കാൻ അപേക്ഷ.

സ്വന്തം പോളി.'

തീയതിയും സ്ഥലവും വെച്ച് ഒപ്പിട്ടു.

കവറും സ്റ്റാമ്പും വന്നു. എഴുത്തു കവറിലാക്കി സ്റ്റാമ്പൊട്ടിച്ചു. പ്രേംരഘു

മേശപ്പുറത്തു വെച്ചു. എന്നിട്ട് പ്രേംരഘു പറഞ്ഞു:

'ഇത് ആഘോഷിക്കാൻ ഷാമ്പെയിൻതന്നെ വേണം'

ഷാമ്പെയിൻ കുപ്പികൾ രണ്ടെണ്ണം ഹാജർ. ഒരു ഷാമ്പയിൻ ഉണ്ടക്കോർക്ക് 'ഭൂളുങ്ക്' എന്നുള്ള മനോഹരശബ്ദത്തിൽ ഊരി. പറയുമ്പോൾ എല്ലാം പറയണമല്ലോ. ഷാമ്പെയിൻ, വെളിയിൽ പോയില്ല. മൂന്നു ഗ്ലാസ്സുകളിൽ ഒഴിച്ചപ്പോൾ ഊണിനു കാലമായോ? എന്നുള്ള ചോദ്യവുമായി ചെഞ്ചിസ്ഖാൻ ഹാജരായി. തന്മൂലം നാലു ഗ്ലാസ്സുകളിൽ ഒഴിച്ചു. എന്നിട്ട് പ്രേംരഘു പറഞ്ഞു:

'ഊണു കുറച്ചു കഴിഞ്ഞ്, അതിനു മുമ്പ് ഈ കത്തു പോസ്റ്റ് ചെയ്യണം, അർജന്റ്.'

കത്ത് ചെഞ്ചിസ്ഖാൻവശം കൊടുത്തിട്ട് ഗ്ലാസ് കൈയിലെടുത്തു എല്ലാവരും.

'ഏലിക്കുട്ടിയും പോളിയും തമ്മിലൊരുമിച്ചുള്ള ജീവിതം ഭാസുരമായി ഭവിക്കട്ടെ!'

നാലുപേരും ഒറ്റവലി, ഗ്ലാസ്സുകൾ കാലി. കത്തുമായി ചെഞ്ചിസ്ഖാൻ ഓടി.

തുടർന്ന് ഷാമ്പെയിൻ വിസ്കി മേമ്പൊടി ചേർത്ത് താരാ, നളിനി, ഏലിക്കുട്ടി എന്നീ സൗഭാഗ്യവതികളുടെ ആയുരാരോഗ്യസമ്പദ് സമൃദ്ധിക്കുവേണ്ടി കുടിച്ചു. രാജ്യത്തുള്ള സർവ പെൺപിള്ളേർക്കു വേണ്ടിയും കുടിച്ചു. പെൺപിള്ളേരുടെ ഓർമയ്ക്കുവേണ്ടിയല്ലാതെ ആൺപിള്ളേർ ചുമ്മാ കുടിക്കുമോ? പറയുമ്പോൾ എല്ലാം പറയണമല്ലോ. അങ്ങനെ ജീവിച്ചുവരുന്ന വേളയിൽ ചെഞ്ചിസ്ഖാൻ ഊണു കൊണ്ടുവരികയും എല്ലാവരും ഉണ്ണുകയും കൈകൾ കഴുകി ഓരോ ചാരുകസേരകളിൽ കിടക്കുകയും സിഗരറ്റുകൾ കൊളുത്തുന്നതിനു മുമ്പ് എല്ലാവരും  ഗാഢനിദ്രയിൽ ആഴുകയും ചെയ്തിട്ടുള്ളതാകുന്നു.

അഞ്ചുമണിയോടെ എല്ലാവരും ഉറക്കമുണരുന്നു. കട്ടൻകാപ്പി കുടിച്ചിട്ട് പ്രേംരഘുവിന്റെ അദ്ധ്യക്ഷതയിൽ സമുദ്രസ്താനത്തിനു ശേഷം കുളത്തിലെ ശീതളജലത്തിൽ സ്നാനം നിർവഹിക്കുന്നു. തുടർന്നു ലേശം തലവേദനയുണ്ടോ എന്നു സർവമാനപേർക്കും സന്ദേഹം ഉദിക്കുകയാൽ ഇനിയങ്ങോട്ടു നല്ല നിലയിൽ ബിയർ കുടിച്ചുകളയാമെന്ന്

ഐകകണ്ഠ്യേന തീരുമാനിക്കുന്നു. മുകളിൽ വന്നു ബിയർ കുപ്പികൾ രണ്ടു ഗ്ലാസ്സുകളിൽ നിറയ്ക്കുന്നു. പതയോടെ കുടിച്ച് ആശ്വാസം കൊള്ളുന്നു. ഈ സമയത്ത് ബിയറിൽ ഒരു സിഗരറ്റ് വീഴുന്നു. പ്രേംരഘു അതു തപ്പിയെടുത്തു പൊളിച്ചുവെക്കുന്നു.

'നോക്ക്. കാബേജ് അരിഞ്ഞുണക്കി എസൻസ് തളിച്ചതാണ്, പുകയില തീരെ ഇല്ല.'

ഇത്രയും പ്രേംരഘു പറയുന്നു. പോളിയും പാപ്പച്ചനും, ഉഷാർ!

ഇനി സിഗരറ്റുണ്ടാക്കുന്ന ഉശിരൻ യന്ത്രത്തെപ്പറ്റി പറയാതെ നിർവാഹമില്ലല്ലോ!

‘എനിക്കൊരയിഡിയ തോന്നുന്നു.' പ്രേംരഘു പറഞ്ഞു: ‘മരച്ചീനിക്കിഴങ്ങുണ്ടല്ലോ. അതിന്റെ വെളുത്ത തൊലി അരിഞ്ഞു പുഴുങ്ങി തണലിൽ ഉണക്കുക. പുകയിലയും കൂട്ടിക്കുഴയ്ക്കുക. എന്നിട്ട് കറുപ്പു കലക്കിയ വെള്ളം തളിക്കുക. വീണ്ടും തണലിൽ ഉണക്കുക. സിഗരറ്റാക്കുക. വലിച്ചാൽപ്പിന്നെ ഏവനും അതേ വലിക്കൂ. കറുപ്പിനു പകരം കഞ്ചാവ് അരച്ചുകലക്കി തളിച്ചുണക്കിയാലും മതി'

‘കറുപ്പും കഞ്ചാവും ഗവണ്മെൻറ് നിരോധിച്ചിരിക്കുകയല്ലേ? പൊതുവിപണിയിൽ--?'

‘എൻറെ എന്നു പറഞ്ഞാൽ നമ്മുടെ എല്ലാം ചെറുപ്പകാലത്തു കറുപ്പും കഞ്ചാവും കടകളിൽ കിട്ടുമായിരുന്നല്ലോ. ഓർമ്മയില്ലേ? കറുപ്പു ധാരാളം കള്ളക്കടത്തിൽ വരുന്നുണ്ട്. കഞ്ചാവ് ഇവിടെ ഉണ്ടാകുന്നതാണല്ലോ.'

‘എക്സൈസയിസുകാരു കാണുന്നടുത്തു വച്ചു കഞ്ചാവു തീവച്ചു നശിപ്പിക്കുന്നുണ്ട്. ആൾക്കാരെ ശിക്ഷിക്കുന്നുമുണ്ട്.'

‘മണ്ടൻ നിയമം! ദൈവം തമ്പുരാൻ സൃഷ്ടിച്ചതല്ലേ? അതു താനേ മുളച്ചു വരും. അതിന് ആളുകളെ ശിക്ഷിക്കേണ്ട കാര്യമെന്ത്? എങ്ങിനേയും കറുപ്പും കഞ്ചാവും ആവശ്യമുള്ളവർക്ക് ഇഷ്ടംപോലെ കിട്ടും. ഞാൻ പറഞ്ഞവിധത്തിൽ നല്ല ലഹരിയുള്ള സിഗരറുണ്ടാക്കാം!'

ദാ, വന്നുകഴിഞ്ഞു സിഗരററുണ്ടാക്കുന്ന ഉശിരൻ യന്ത്രം! തുടർന്ന് ഫാക്ടറിക്കാര്യം തന്നെ. പി.കെ. രഘുനാഥൻ ആൻഡ് സി.പി. പോളി ബി.എ.ബി.എൽ. പാർട്ട്ണേഴ്സ്. ജനറൽ മാനേജർ: എൻ.ആർ. പാപ്പച്ചൻ. സംഭവം കുശാൽതന്നെ.'

'അടേ, പ്രേം!' പോളി പറഞ്ഞു: ‘ഞങ്ങൾക്ക് എന്തെങ്കിലും ബിസിനസ്സ് ചെയ്താൽ കൊള്ളാമെന്നുണ്ട്.'

‘തവളക്കാലുകൾക്ക് അമേരിക്കയിലും ഫ്രാൻസിലും നല്ല മാർക്കറ്റുണ്ട്.' പ്രേംരഘു പറഞ്ഞു: ‘വലിയ മുതൽമുടക്കു കാട്ടാതെ നടത്താവുന്ന ബിസിനസ്സ്.'

‘അതിൽ വലിയ ദ്രോഹമുണ്ട്.' പോളി പറഞ്ഞു: ‘കാശുമുടക്കാം. പട്ടണത്തിൽ കണ്ണായ ഭാഗത്തു രണ്ടു മുറികളുണ്ട്. വല്ല യന്ത്രവും ഉപയോഗിച്ചുള്ള ബിസിനസ്സ്.'

'ഒരു പ്രസ് നടത്തിയാലെന്താ?'

ഞാൻ പ്രസ് തുടങ്ങിയാൽ പാപ്പച്ചൻ ‘കിടപ്പറ' തുടങ്ങും. ആളുകൾ എന്നെ ഓടിച്ചിട്ടടിക്കും. ആരോഗ്യത്തിനു കേടുവരാത്ത എന്തെങ്കിലും ബിസിനസ്സ്.

അപോഴത്തേക്കും വെറും ബിയറിൽ വേണ്ടത്ര ഹരം തോന്നാത്ത

ബിസ്കറ്റ്ബ്രാണ്ടിയുടെ തൊട്ടിലാക്കാം ബിയർ എന്ന് പ്രേംരഘു പറയുന്നു. പോളിയും പാപ്പച്ചനും 'ന്യായമായ തീരുമാനം' എന്നു സമ്മതം മൂളുന്നു. പ്രേംരഘു ഒരു ബട്ടൺ അമർത്തുന്നു. ചെങ്കിസ്ഖാൻ ഹാജർ. പ്രേംരഘു രഹസ്യം പറയുന്നു. ചെങ്കിസ്ഖാൻ ഓടി പടപടേ കോണി ഇറങ്ങിപ്പോകുന്നു. തെല്ലു കഴിഞ്ഞ് ഫ്രാൻസിൽത്തന്നെ പെററുവീണ രണ്ടു തനി... ബിസ്കറ്റ് ബ്രാണ്ടിക്കുപ്പികളുമായി വരുന്നു, തടിയൻ സ്ലേവ്. അതിൽ പററിയിരുന്ന പച്ചമണ്ണു തൂത്തുകളഞ്ഞിട്ടു പകുതി ബിയറിൽ ബ്രാണ്ടി ഒഴിക്കുന്നു. ചെങ്കിസ്ഖാൻ എന്ന അടിമ ബ്രാണ്ടി നീറ്റടിക്കുന്നു! പോളിയുടെ അപ്പച്ചനുള്ള എഴുത്തു പോസ്റ്റ് ചെയ്തോ എന്നുള്ള പ്രേംരഘുവിന്റെ ചോദ്യത്തിന് ചെങ്കിസ്ഖാൻ ഉത്തരം പറയുന്നു:

'പോസ്റ്റ് ചെയ്തു. തന്നെയുമല്ല, പകുതിവഴി സഞ്ചരിച്ചും കഴിഞ്ഞു!'

'പോളീ, നിന്റെ അപ്പച്ചൻ മിനുങ്ങുമോ?' 'കള്ള്.'

'അമ്മച്ചിയോ?'

'കുറെ ചേതമുണ്ട്. സേഫിന്റെ താക്കോൽ അമ്മച്ചിയുടെ കൈയിലാണ്.'

'കൈയിൽ?' പാപ്പച്ചൻ ചിരിച്ചു: 'വലിയ ഹ്യൂമർ തന്നെ.'

'ശരി, കോഴി പൊരിച്ചത്. ബ്രഡ്, ബട്ടർ, സ് ക്രാംബിൾഡ് എഗ്സ്. അവസാനം പറഞ്ഞത് ആദ്യം കൊണ്ടുവരൂ. ഓട്!'

ചെങ്കിസ്ഖാൻ ഓടിത്തന്നെ പോയി.

വലിയ ഹരംതന്നെ. ബിയർ എന്ന തൊട്ടിലിൽ ബ്രാണ്ടിക്കുഞ്ഞു കിടന്നു ചിരിക്കുന്നു. ഓർത്തപ്പോൾ എല്ലാവരും ചിരിച്ചു.

പോളി ഓർമപ്പെടുത്തി:

'വല്ല യന്ത്രവും ഉപയോഗിച്ചുള്ള ബിസിനസ്സ്? പ്രസ്സ് നിഷിദ്ധം.'

## ആറ്

പ്രേംരഘു പറഞ്ഞു:

'സോപ്പുകമ്പനി തുടങ്ങ്. ഇന്ത്യൻസോപ്പുകൾക്ക് അറേബ്യ, കുവയിത്ത് ഈജിപ്ത്, ലബനാൻ, മൊറാക്കോ എന്നിവിടങ്ങളിൽ വലിയ ഡിമാൻറുണ്ട്.

പോളി പറഞ്ഞു:

'സോപ്പ് പ്രചാരത്തിൽ കൊണ്ടുവരാൻ വലിയ വിഷമമാണ്.'

'സോപ്പിനു പ്രചാരമെന്തിന്?' പ്രേംരഘു ചോദിച്ചു. തെല്ലു നിശ്ശബ്ദതയ്ക്കുശേഷം തുടർന്നു: 'ഇപ്പോൾ പോളിയും പാപ്പച്ചനുംകൂടി നിർമിച്ച സോപ്പ് അൻപതിനായിരം കട്ടകൾ ഭംഗിയായി പായ്ക്കുചെയ്ത് കുവയിത്തിലേക്കയച്ചിരിക്കുന്നു എന്നു വിചാരിക്ക്. രണ്ടുമാസം കഴിഞ്ഞ് കുവയിത്തിലുള്ള നിങ്ങളുടെ ഏജൻറ് നിങ്ങൾക്കു കമ്പിയടിക്കുന്നു. പാക്കിങ് മോശമായി അലുത്തുപോയതിനാൽ വെറുതെ കൊടുത്തിട്ടും വാങ്ങാൻ ആളില്ലാത്ത പതിനയ്യായിരംകട്ട സോപ്പുകൾ തിരികെ അയച്ചിരിക്കുന്നു. കസ്റ്റംസിൽചെന്നു സൗകര്യംപോലെ ഏററുവാങ്ങുക... നിങ്ങൾ കസ്ററംസിൽ സൗകര്യംപോലെ ആളയച്ചു മോശപ്പെട്ട സോപ്പുകട്ട വരുത്തുന്നു. പാവപ്പെട്ട തൊഴിലാളികളൊക്കെ വീടുകളിൽ പോയി. രാത്രിയാവുന്നു. നിങ്ങൾ ജനാലളകളും വാതിലുകളും ഒന്നുകൂടി ബന്തവസ്സു ചെയ്തിട്ടു ലൈററിട്ടു കെട്ടഴിക്കുന്നു. സോപ്പുകട്ടകൾ ഓരോന്നായി എടുത്ത് ഒടിക്കുന്നു. അത്ഭുതം! ചിലതിൽ കനംകുറഞ്ഞ രണ്ടിഞ്ചു നീളത്തിലുള്ള തനി സ്വർണപ്പാളികൾ ഇരിക്കുന്നു! എല്ലാം ഒടിച്ചു കഴിയുമ്പോൾ പതിനായിരം കഷണം സ്വർണം കിട്ടുന്നു. കഴുകി ചാക്കിൽ കെട്ടി കോയമ്പത്തൂർ, മദ്രാസ്, ബോംബെ, ഡൽഹി, കൽക്കത്താ എന്നിവിടങ്ങളിൽ എവിടെയെങ്കിലും കൊണ്ടുപോയി വിറ്റു കാലാന്തരത്തിൽ കോടീശ്വരന്മാരായിത്തീരുന്നു.'

'കസ്ററംസ് പിടിച്ചു കേസാക്കില്ലേ?'

അറിഞ്ഞുപിടിച്ചു കേസാക്കിയാൽ ജയിലിൽക്കിടന്നു നരകിക്കേണ്ടിവരും.'

'അതു വയ്യാ. ന്യായമായ വല്ല ബിസിനസ്സും!' അപ്പോഴത്തേക്കും സ്ക്രാംബിൾഡ് എഗ്സ് വന്നു. അവനു കൂട്ടായി ബ്രാണ്ടി നീറ്റുതന്നെ അടിച്ചു. അത്ഭുതം! ചുവരുകൾ ഇളംനീല. അതോ വൈദ്യുതപ്രകാശത്തിന് ഇളംനീല നിറമുണ്ടോ?

'ആജ്, മൈനേ പീയാ, ഹോട്ടോം കാ പ്യാലാ!'

റേഡിയോഗ്രാം മധുരതരമായി പാടുകയാണ്. പങ്ക കറങ്ങുന്നു. ജനാലയിലൂടെ ഇരുളാണ്ട പാരാവാരം. അതിലൂടെ വൈദ്യുതവിളക്കുകൾ പത്തുമണികളായി അണിഞ്ഞ, ഇരുണ്ട കപ്പലുകൾ. യാനപാത്രങ്ങളേ, പോകൂ, പോകൂ. ഈ രാത്രി അവസാനിക്കാതിരിക്കട്ടെ. എന്നെന്നും ഈ ലഹരി ഇങ്ങനെ നിൽക്കട്ടെ. ലഹരി, ലഹരി! ഇളംനീല നിറത്തിൽ ആടിക്കുഴഞ്ഞുവരുന്ന മാദകമനോഹരഗാനമേ...നീ ഈ ജീവിതത്തിന്റെ മാദകത്വത്തിന്.സാക്ഷീ!. ഭീകരനായ ചെങ്കിസ്ഖാൻ എവിടെ? ഹേ ലോകജേതാവേ, ഞങ്ങളുടെ തലമുടി പിഴുത് അജയ്യമായ നിന്റെ കൊടിക്കൂറയിൽ കൂട്ടിച്ചേർക്കുക!

പാപ്പച്ചൻ കണ്ണു തുറന്നു. അത്ഭുതം! പകൽ. സമയം എന്തായിക്കാണും? തല തിരിച്ചുനോക്കി. പാപ്പച്ചൻ ചിരിച്ചു. നിർത്താതെ ചിരിച്ചു.

പോളി കണ്ണു തുറന്നു. പാപ്പച്ചനെക്കണ്ടു ചിരിച്ചു. നിർത്താതെ ചിരിച്ചു.

'നീ എന്താ ചിരിക്കുന്നത്?'

'നീ എന്താ ചിരിക്കുന്നത്?'

പോളിയുടെ കിടപ്പിനെപ്പററി പാപ്പച്ചനു വ്യക്തമായി അറിയാം. പാപ്പച്ചന്റെ കിടപ്പിനെപ്പററി പോളിക്കും വ്യക്തമായി അറിയാം. എന്നാൽ, രണ്ടുപേരും ഒരുപോലെയാണെന്നുള്ള വിവരംമാത്രം അവർക്കറിഞ്ഞു കൂടാ. രണ്ടുപേരും പിറന്നപടി സിമൻറുതിണ്ണയിൽ കിടക്കുന്നു. പോളി കട്ടിലിന്റെ അടിയിൽ. പാപ്പച്ചൻ കുറെ മാറിയും. രണ്ടുപേരും ഒരു പോലെയാണെന്ന് രണ്ടുപേരും അറിഞ്ഞപ്പോൾ രണ്ടുപേർക്കും നാണം വന്നു! രണ്ടുപേരും ധൃതിയിൽ ലൊങ്കി തപ്പിയെടുത്തു ധരിച്ചു യോഗ്യന്മാരായി. നോക്കുമ്പോൾ മേശപ്പുറത്തു തർമോഫ്ലാസ്കിൽ കോഫി. ബ്ലാക്കാണ്. രണ്ടുപേരും ഓരോ ഗ്ലാസ്സ് കുടിച്ചിട്ടു നോക്കി. കാലിക്കുപ്പികൾ എവിടെ? എത്ര കുപ്പി കുടിച്ചു? ഒരു പിടിപാടുമില്ല. ആനന്ദത്തോടെ മരിച്ച ഇന്നലെയെപ്പററി എന്തിനു ചിന്തിക്കുന്നു?

'പോളീ, ഇനി ഞാനൊരു ചാർമിനാർ വലിക്കട്ടെ?'

'പാടില്ല!'

തന്മൂലം പാപ്പച്ചൻ ഒരു ഗോൾഡ് ഫ്ളേക്കുതന്നെ പുകച്ചു.

'പ്രേം എവിടെ?'

'രഘുച്ചേട്ടൻ കൃഷിസ്ഥലത്തു പോയിരിക്കുന്നു. സാറൻമാരുടെ ദിനകൃത്യങ്ങൾ തുടങ്ങാം. എല്ലാം റെഡി.' ചെഞ്ചിസ്ഖാനാണ്.

ഈ തടിയൻ ഒരു പിശാചിനെപ്പോലെ ഓർക്കാപ്പുറത്താണ് പ്രത്യക്ഷപ്പെടുന്നത്.' 'എന്ന് ഇംഗ്ലീഷിൽ പോളി പാപ്പച്ചനോടുപറയാൻ തുടങ്ങിയപ്പോൾ ചെഞ്ചിസ്ഖാൻ വിലക്കി:

'വേണ്ടാ, സാർ. ഇംഗ്ലീഷിൽ രഹസ്യം പറയണ്ടാ!'

'പറഞ്ഞാൽ എന്താ?'

ചെഞ്ചിസ്ഖാൻ പറഞ്ഞു:

'പറഞ്ഞാൽ എനിക്കു മനസ്സിലാകും!'

'ഇംഗ്ലീഷ് പഠിച്ചിട്ടുണ്ടോ?'

'ഇംഗ്ലീഷ് പഠിച്ചു ബി.എ. പാസ്സായിട്ടുണ്ട്!'

മനുഷ്യൻ സ്റ്റണ്ടാകാതെ എന്തുചെയ്യും? അഭ്യസ്തവിദ്യനായ ഒരു സ്ലേവ്! ബാച്ചിലർ ഓഫ് ആർട്ട്സ്! കൊള്ളാമല്ലോ! നിശ്ശബ്ദരായി പോളിയും പാപ്പച്ചനും. ഒരററംമുതൽ ദിനകൃത്യങ്ങളെല്ലാം മുറപോലെ ചെയ്തു പൗഡറിട്ടു. സ്വന്തം വസ്ത്രങ്ങൾ ധരിച്ചു. മുടി ചീകി. കസാരകളിലിരുന്ന് ഓരോ സിഗരററു പുകച്ചു.

ഈ സംഭവവികാസങ്ങൾക്കിടയിൽ ചെഞ്ചിസ്ഖാൻ എന്ന സ്ലേവ് ചില വിവരങ്ങൾ അവരെ ധരിപ്പിച്ചു. പ്രേംരഘുവിന്റെ അച്ഛന്റെ കൂടെയായിരുന്നു ചെഞ്ചിസ്ഖാൻറെ അച്ഛൻ. സിലോണിൽവെച്ച് സിംഹളന്മാരുമായുണ്ടായ ഒരു ബഹളത്തിൽ പ്രേംരഘുവിന്റെ അച്ഛ ൻറെ ഇടതുകൈ പോയി! അദ്ദേഹത്തെ രക്ഷിക്കാൻ ചെന്ന ചെഞ്ചിസ്ഖാന്റെ അച്ഛൻറെ തല നഷ്ടപ്പെട്ടു. അപ്പോഴേക്കും പോലീസ് എത്തി. അച്ഛന്റെ മരണശേഷം കുടുംബം ഏതാണ്ടു പാപ്പരാകാൻ പോയ പ്പോൾ രക്ഷിച്ചതു പ്രേംരഘുവിന്റെ അമ്മയാണ്. ചെഞ്ചിസ്ഖാൻറ വിദ്യാഭ്യാസം പൂർത്തിയാക്കിയത് പ്രേംരഘുവിന്റെ സഹായത്തിലാണ്. സഹോദരിയെ പഠിപ്പിക്കുന്നതും പ്രേംരഘുവാണ്. അമ്മയ്ക്കും സഹോദരിക്കും വേണ്ട എല്ലാ ചെലവുകളും ഇവിടെനിന്നു നിർവഹിക്കു ന്നു. സഹോദരി ഇക്കൊല്ലം ബി.എ. പാസ്സാകും.

'സഹോദരിയുടെ പേര്?'

'നളിനി.'

ലെല്ലു നിശ്ശബ്ദതയ്ക്കുശേഷം ചെഞ്ചിസ്ഖാൻ ചോദിച്ചു:

'കോഫി കൊണ്ടുവരട്ടെ?'

'തിന്നാനൊന്നും വേണ്ടാ.' ഈരാഞ്ചേലി മഴ വന്ന മാതിരിയുള്ള മദ്യപാനത്തിന്റെ പിറേറദിവസം, പറയുമ്പോൾ എല്ലാം പറയണമല്ലോ, വലിയ വിശപ്പു കാണുകില്ല. 'സ്ട്രോങ് കോഫി മതി.'

ചെഞ്ചിസ്ഖാൻ പോയി.

'സിഗരററുണ്ടാക്കുന്ന യന്ത്രം മിഥ്യ!' 'മീശറപ്പായിച്ചേട്ടൻ നുണ പറയുകയില്ല.' 'എന്നാൽപ്പിന്നെ യന്ത്രം എവിടെ?'

'പ്രേംരഘു വരട്ടെ.'

'ദാ വന്നുകഴിഞ്ഞു!' പ്രേംരഘുവും ചെഞ്ചിസ്ഖാനും വന്നു. സ്ട്രോങ് കോഫി എല്ലാവരും കഴിച്ചു. പ്രേംരഘു പറഞ്ഞു:

'പോളീ, നീ എലിക്കുട്ടിയെ കെട്ടുന്ന അന്ന്, എന്റെ വക ഒരായിരത്തൊന്നു രൂപയുടെ സമ്മാനം നിങ്ങൾക്കു തരും!'

'താങ്ക്സ്!' പോളി പറഞ്ഞു: 'പ്രേം, ഞങ്ങൾ പോകട്ടെ?'

'ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് ഒന്നു മയങ്ങി നാലുമണിക്കു ചായ കഴിഞ്ഞു പോയാൽ പോരേ? നമുക്കു കുറച്ചു റമ്മി കളിക്കാം.'

'ഇല്ല പ്രേം, ഇപ്പോത്തന്നെ പോണം.'

'ശരി.' പ്രേംരഘു പോയി ചില പ്രസൻറുകൾ കൊണ്ടുവന്നു കൊടുത്തു.

രണ്ടുകുപ്പി ഹെയ്ഗ് വിസ്കി, രണ്ടു പുതിയ സിൽക്കു ലൊങ്കികൾ, വിലകൂടിയ രണ്ടു ഷേവിങ്സെററുകൾ, രണ്ടുകട്ട സോപ്പ്, മെയ്ഡ് ഇൻ ഇംഗ്ലണ്ടുതന്നെ. പോളിക്കു പ്രത്യേകം ഒരു റേബാൻ കണ്ണട. പാപ്പച്ചനു പ്രത്യേകം വളഞ്ഞ സോപ്പുപെട്ടിമാതിരി ഭംഗിയുള്ള ചെറിയ ഒരു തകരപ്പെട്ടി; ഹിപ്പു പോക്കററിൽ വെയ്ക്കാൻ പാകത്തിനുള്ളത്. പ്രേംരഘു പറഞ്ഞു:

'ബ്ലേഡുകൾ ഷേവ് കഴിഞ്ഞു കഴുകി അടയ്ക്കരുത്. വെള്ളത്തിൽ മുക്കിയിട്ടു റേസറിൽത്തന്നെ വച്ചേക്ക്. സ്റ്റെയിൻലസ് സ്റ്റീലാണ്. നൂറു ഷേവ് ഗാരൻറി. പുകയില തീരുമ്പോൾ ഞാൻ അയച്ചുതരാം. അതുപോലെ ബ്ലേഡുകളും.'

പോളി കണ്ണട ഫിററുചെയ്തു. കറുത്തതോ നീലയോ പച്ചയോ എന്നു പറയാൻ വിഷമിക്കുന്ന ഇരുണ്ട വലിയ ചില്ലുകൾ. റോൾഡ് ഗോൾഡ്ഫ്രെയിം. സ്റ്റൈലായിരിക്കുന്നു. പാപ്പച്ചൻ തൻറെ സോപ്പുപെട്ടി തുറന്നുനോക്കി. വളരെ വീതിയിൽ കനംകുറഞ്ഞ ഒരു റബ്ബർബാൻഡ്. പിന്നെ പുകയില. സിഗ്സാഗ് പേപ്പറും.

'ഇതെന്ത്, പ്രേം?'

'സിഗരററുണ്ടാക്കാനുള്ള യന്ത്രം!' പാപ്പച്ചനും പോളിയും ബോധംകെട്ടു വീണില്ല. ആകാശം ഇടിഞ്ഞു വീണമാതിരി സ്വല്പം തരിപ്പ്. അങ്ങിനെയങ്ങിനെ ലേശം സ്റ്റണ്ടായി നോക്കി. ജീവിതം...ആഗ്രഹങ്ങൾ പോകുന്ന പോക്ക്. സിഗരററുഫാക്ടറി. പ്രേംരഘു ക്ഷണത്തിൽ നാലു സിഗരുറ്റുകൾ ഉണ്ടാക്കി കാണിച്ചുകൊടുത്തു. പ്രേംരഘു, പാപ്പച്ചൻ ചെഞ്ചിസ്ഖാൻ എന്നിവർ സിഗരറ്റുകൾ കത്തിച്ചു വലിച്ചു. ഒന്നു പാപ്പച്ചൻ തന്നത്താൻ നിർമിച്ചു.

'ഹെടാ! ക്ലീൻ! ഇതിനെന്തു വില വരും?'

'ഒരു പത്തു രൂപായിൽ കൂടുകയില്ല.'

പോളിക്കു തീരെ പിടിച്ചില്ല. ആനവേട്ടയ്ക്കു വന്നിട്ടു കിട്ടിയ മൂട്ടി!

'വാടേ, പോകാം!' പാപ്പച്ചനെ കൊല്ലാൻ തോന്നി!

യന്ത്രം പാപ്പച്ചൻ പോക്കററിൽ ഭക്തിയോടെ ഭദ്രമായി നിക്ഷേപിച്ചു. ബാക്കിയുള്ളതെല്ലാം ബാഗിലും. ചെഞ്ചിസ്ഖാൻ ബാഗ് തൂക്കി.

എല്ലാവരും ഇറങ്ങി. അൾസേഷ്യൻ നായ്ക്കൾ ഉഗ്രമായി കുരച്ചു. കാർ സ്റ്റാർട്ടായി. ബാഗുമായി പാപ്പച്ചൻ പോളിയുടെ അടുത്തിരുന്നു.

'ഗുഡ് ബൈ, പ്രേം? ഗുഡ് ബൈ ചെഞ്ചിസ്ഖാൻ!'

'ഗുഡ് ബൈ, കം എഗൈൻ. ഈശ്വരൻ രക്ഷിക്കട്ടെ!'

കാർ നീങ്ങി. ഗേറ്റടഞ്ഞു. മൺറോഡിലൂടെ പതുക്കെ ടാറിട്ട റോഡിലെത്തി. കാർ സ്പീഡിൽ പാഞ്ഞു. കള്ളുഷാപ്പിന്റെ മുമ്പിലൂടെ അവർ പോയി. പാപ്പച്ചനു പുതിയ ഒരൈഡിയാ വന്നിരിക്കുന്നു. ഓർത്തപ്പോൾ ജീവിതം സുരക്ഷിതമായതുപോലെ. മനസ്സു മന്ദഹസിച്ചു. ഇനി വീട്ടിൽ വാങ്ങുന്ന കപ്പക്കിഴങ്ങിന്റെ തൊലി വെറുതെ കളയുകില്ല. ഒരഞ്ഞൂറു രൂപാ പോളിയോടു വാങ്ങാം. വേണ്ട - പ്രേംരഘുവിനോടു വാങ്ങാം. പട്ടണത്തിൽ ഒരു മുറുക്കാൻകട. പഴം, മിഠായി, ചോക്ലേററ്, സിഗരററുകൾ, ബീഡി-മുറുക്കാനും. കടയുടെ പേര്: 'താരാ സിഗരററ് ഫാക്ടറി'. കപ്പക്കിഴങ്ങിന്റെ തൊലി അരിഞ്ഞ്, പോരാ, പുഴുങ്ങിക്കഴുകി, തണലിൽ ഉണക്കി, പുകയിലയും ചേർത്ത്, അവിയനോ കഞ്ചാവോ കലക്കിയ വെള്ളം തളിച്ചു തണലിൽ ഉണക്കി ഒരു പളുങ്കുപാത്രത്തിൽ അരികിൽ വയ്ക്കും . 'താരാസപെഷ്യൽസ്'. ഇവിടെ കിട്ടും. വില...പന്ത്രണ്ടുപൈസ. ക്രമേണ ഇരുപത്തഞ്ചു പൈസയിൽ നിർത്തുക ദിവസത്തിൽ നൂറ് സിഗരറ്റ് വില്ക്കാൻ സാധിക്കണം. അങ്ങനെയെങ്കിൽ ചില്ലറചെലവ് കഴിച്ച് ക്ലീൻ പ്രോഫിറ്റ് രൂപാ ഇരുപത്

സംഭവം കുശാൽ ആൻഡ് തകർപ്പൻ!

'നിഫ്റ്റി എന്നും പറയാം' ഉച്ചത്തിലാണ്. ഈ സമയത്ത് പോളി കാർ സഡൺ സ്റ്റോപ്പ് ചെയ്തു.

'എന്തെടാ ഡോഗേ നിന്റെ നിഫ്ട്ടി?'

'ഓ ഒന്നുമില്ല,' ഗോൾഡ്ഫ്ളേക്ക് വലിച്ച് സ്റ്റൈലിൽ പുകവിട്ടുകൊണ്ട് പാപ്പച്ചൻ ചോദിച്ചു: 'സഡൻസറാപ്പിനു ഹേതുവെന്ത്?'

നമുക്ക് ഒന്നുരണ്ടബദ്ധങ്ങൾ പറ്റി. അബദ്ധങ്ങളല്ല സംസ്കാരരാഹിത്യം'

'വിശദീകരിക്കൂ'

'നമ്മൾ പ്രേംരഘുവിന്റെ അമ്മയോടും സഹോദരിമാരോടും യാത്ര ചോദിച്ചില്ല. പിന്നെ, പ്രേംരഘു നളിനിയെ കെട്ടുമ്പോൾ എന്തെങ്കിലും പ്രസൻറ് കൊടുക്കാമെന്നും പറഞ്ഞില്ല.'

പറയുമ്പോൾ എല്ലാം പറയണമല്ലോ. സംഗതി ദുഃഖമയം തന്നെ.

'കഠിനദുഃഖം!'

'എന്തു ചെയ്യണം?'

‘ഓരോ പെഗ്ഗ് ഹെയിഗ് അടിച്ചാലോ?'

‘ഈ ദുഃഖം ഓരോ പെഗ്ഗിൽ നില്ക്കുന്നതല്ല. പിന്നെ മദ്യപിച്ചു കാറോടിക്കുന്നതിൽ ലേശം അപാകതയുമുണ്ട്.'

‘എന്റെ അപ്പച്ചൻ മരിച്ചതെങ്ങനെയെന്ന് പോളിവക്കീലിന് ഓർമയുണ്ടോ?'

‘നല്ല ഒരു കാര്യത്തിനുവേണ്ടി ലേശം മദ്യപിക്കാൻ വിചാരിക്കുമ്പോഴാണ് - അവൻറെ ഒരു സദാചാര പ്രസംഗം! നീ എന്തു സിഗരറ്റാ വലിക്കുന്നത് പാപ്പച്ചാ?'

പാപ്പച്ചൻ സത്യം പറഞ്ഞു:

‘ഗോൾഡ് ഫ്ളേക്ക്.'

‘ഇങ്ങെടുക്ക് ആ പാക്കറ്റ്! അവന്റെ ഒരു ഗോൾഡ്ഫ്ളേക്ക് വലി! ചാർമിനാർ വലിച്ചാൽ ഡോഗേ നിനക്കെന്താണ്? വാ ചൊറിയുമോ?'

പാപ്പച്ചൻ ഗോൾഡ്ഫ്ളേക്ക് ബാക്കിയുള്ളത് പാക്കറ്റോടെ വെച്ചുകൊടുത്തു.അതു വാങ്ങി പോളി പോക്കററിൽ വച്ചു. എന്നിട്ട് പാപ്പച്ചൻറെ ചുണ്ടത്തിരുന്നു പുകഞ്ഞ ഗോൾഡ് ഫ്ളേക്ക് സിഗരറ്റ് തട്ടിപ്പറിച്ചു ദൂരെ വലിച്ചെറിഞ്ഞു.

പാപ്പച്ചൻ ചാർമിനാറിന്റെ പാക്കറ്റെടുത്ത് ഒരു സിഗരറ്റു കത്തിച്ച് ആശ്വാസത്തോടെ പുകവിട്ടു.

‘നോക്കട്ടെടാ ഡോഗേ സിഗരററുണ്ടാക്കുന്ന യന്ത്രം.'

പാപ്പച്ചൻ അതെടുത്തുകൊടുത്തു.

‘അരകല്ലിൽവെച്ചു കുത്തിച്ചുളക്കി തീയിലിടും! നീ ഇനി ഇതു കാണുകയില്ല. ഡോഗിന്റെ ഡോഗ് ജനറൽ മാനേജർ! യന്ത്രഉടമ'

പാപ്പച്ചൻറെ ആകാശക്കോട്ടകൾ ശരിക്കും തകർന്നു. ദാ വീണുകിടക്കുന്നു താരാ സിഗരറ്റുഫാക്ടറി. ഒരു ബ്ളഡി ഇമ്പീരിയലിസ്റ്റ് ആൻഡ് ക്യാപിററലിസ്റ്റ്. ‘പോളീ, നിനക്കു പാവപ്പെട്ട ഞങ്ങളുടെ ആത്മാക്കളാണോ വേണ്ടത്, കരാളനൃത്തംചെയ്യാൻ? കഷ്ടപ്പെട്ട് എങ്ങനെയെങ്കിലും ഉയരാം എന്നു വിചാരിച്ചാൽ പാവങ്ങളെ നിന്നെപ്പോലുള്ള കണ്ണിൽ ചോര ഇല്ലാത്ത മുതലാളിമൂരാച്ചികൾ സമ്മതിക്കുകയില്ല. ജീവിതം ഒരു തമാശയാണ്. എല്ലാ അനുഗ്രഹങ്ങളും ഈശ്വരൻ നിനക്കു നല്കിയിട്ടുണ്ട്. എന്റെ ജീവിതം ചവിട്ടിയരച്ചിട്ടു വേണോ നിനക്കു സുഖിക്കാൻ? ദൈവമേ....' പാപ്പച്ചന്റെ ഹൃദയം കരഞ്ഞു. രണ്ടുതുള്ളിക്കണ്ണുനീർ പാപ്പച്ചൻറെ കണ്ണുകളിൽ തെളിവോടെ മുഴുത്തുവന്നു. മോഹഭംഗം പൂർത്തിയായി. പോളിമുതലാളിമൂരാച്ചി ക്രൂരതയോടെ നോക്കിക്കൊണ്ടു രാക്ഷസനെപ്പോലെ കാറു വിട്ടു. കാർ

വായുവേഗത്തിൽ പോകുന്നതിനുമുമ്പ് പോളി ചിരിച്ചു. എന്നിട്ടു യന്ത്രം തിരികെ പാപ്പച്ചനു കൊടുത്തു! 'വിജയം നേരുന്നെടാ ഡോഗേ, നിനക്കു ഞാൻ ആയിരത്തൊന്നു രൂപാതരും. നീ നിന്റെ ജീവിതം ധീരതയോടെ തുടങ്ങൂ.' പാപ്പച്ചനു സന്തോഷമായി. പാപ്പച്ചൻ ചിരിച്ചു. കാർ വായു വേഗത്തിൽത്തന്നെ പാഞ്ഞു. പോളി ഉച്ചത്തിൽ ചിരിച്ചിട്ട് ഉച്ചത്തിൽ പറഞ്ഞു:

അവൻറെ ഒരു കാമുകി! അവളുടെ... ഒരു സിഗരറ്റു ഫാക്ടറി. ഒരു... താരാസ്പെഷ്യൽസ്!'

മംഗളം!

ശുഭം